# THE KUDUMBA DEEPAM.



Vol. V.)　　May 1934.　　(No. 5.

## വിഷയവിവരം.


1. മംഗളം ........................ 129.
2. ഈസ്റ്റർ സ്മരണകൾ ........................ 129.
3. തിരുമണിക്കൂർ ഭക്തി ........................ 132.
4. ഈശാവതരണം ........................ 136.
5. അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ വി. റീത്താ ........................ 148.
6. കത്തോലിക്കപ്പരിശ്രമം ........................ 152.
7. വ്യാജപ്രസ്താവന ........................ 154.
8. ഉയിർപ്പ് ........................ 155.
9. പൊതുനിയോഗം ........................ 156.
10 ജൂബിലിവത്സരം നീട്ടി ........................ 156.
11. മാതൃസ്തവം ........................ 157.
12. കുറിപ്പുകൾ ........................ 158.


Mary, our hope, have pi

# ലൂർദ്ദിലെ വിശുദ്ധ.

പാവനവും പ്രശംസനീയവുമായ ജീവിതംമൂലം ശാശ്വതമായ യശസ്സ സമ്പാദിച്ചിട്ടുള്ള ഒരു മേഷരക്ഷിണി. അതിവിശിഷ്ടങ്ങളും അനുകരണീയങ്ങളുമായ അനേകം ആദർശങ്ങളുടെ വിളനിലം. കേരളിയരെ ഉദ്ദേശിച്ചു ഭുവനപ്രസിദ്ധയായ ഈ വിശുദ്ധയുടെ ജീവചരിത്രം നല്ല മേനിക്കടലാസിൽ ഭംഗിയായി അടിച്ചു് ഇതാ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഒററപ്രതിക്കു വില അര അണ.
പന്ത്രണ്ടിന്നു് ,, നാലു അണ.

തപാൽക്കൂലി പുറമേ. കരച്ചുപ്രതികൾ ആവശ്യപ്പെട്ടുന്നവർ സ്റ്റാമ്പു അയച്ചാൽമതി

മാനേജർ, കുടുംബദീപം.
തേവര, എറണാകുളം.

---

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.
# ജാപ്പാനീസ് ദന്തവൈദ്യൻ.
## എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

# കുടുംബദീപം.

മതം, ഗൃഹഭരണം, ആരോഗ്യം മുതലായവയെക്കുറിച്ചു പ്രൌഢലേഖനങ്ങൾ, ഗാനങ്ങൾ, ചെറുകഥകൾ, പ്രഹസനങ്ങൾ, ഫലിതോക്തികൾ, പദ്യങ്ങൾ, കമനീയമായ ഛായാപടങ്ങൾ ഇവയാൽ ഓരോ ലക്കവും ആകർഷണീയമായിരിക്കും. എല്ലാ കത്തോലിക്ക കുടുംബങ്ങളിലും വരുത്തി വായിക്കേണ്ട ഒരു മാസികാഗ്രന്ഥമാണു കുടുംബദീപം. വരിസംഖ്യ ഒരു കൊല്ലത്തേക്കു മുൻകൂർ ഒരു രൂപാമാത്രം.

ഒരാണ്ടത്തെ വരിസംഖ്യ അയച്ചുതരാതെ അപേക്ഷിക്കുന്നവരെ മാസികയുടെ പുതിയ വരിക്കാരായി ചേർക്കുന്നതല്ല.

തുടർച്ചയായ ലേഖനങ്ങൾ മുഴുവനുംകൂടി ഒന്നായി അയച്ചുതരാത്തപക്ഷം പരിശോധിച്ചു തിട്ടപ്പെടുത്തുവാൻ സൌകര്യപ്പെടുന്നതല്ലായ്കയാൽ എത്ര ദീർഘലേഖനങ്ങളായാലും ഒന്നായിട്ടു അയച്ചുതരേണ്ടതാണു്.

പ്രസിദ്ധീകരണത്തിനായി അയക്കുന്നവ വ്യക്തമായി കടലാസിന്റെ ഒരുവശത്തുമാത്രം എഴുതിയിരിക്കണം.

പത്രാധിപർ, "കുടുംബദീപം," തേവര.

# കുടുംബദീപം.

പുസ്തകം ൧. | മേയ് നമ്പർ. | ലക്കം ൧.

## മംഗളം.

മേമാസരാജ്ഞി, മഹിളാമണി, മേരി, നിത്യ-
പ്രേമാനുഭൂതിവിലസും ഭുവനൈകരാജ്ഞി;
നാമാവശേഷനില ദൈവവിരോധികൾക്കും
ക്ഷേമം ജഗത്തിനുമണച്ചു തുണയ്ക്കുകമ്മേ!

— അൻറണി തോകലത്തു്.

## ഈസ്റ്റർ സ്മരണകൾ.

നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെക്കുറിച്ചു ചിന്തിക്കുമ്പോൾ ആദ്യമായി സ്മൃതിപഥത്തിൽ ആരോഹണം ചെയ്യുന്നതു് അതിപ്രധാന വ്യക്തികളായ മറിയം മഗ്ദലേനായും, തോമായും, പത്രോസും, ഉത്ഥിതനായ മിശിഹായോടു് അവർ ചെയ്ത പ്രാർത്ഥനയുമാകുന്നു. ഈ വിശുദ്ധന്മാരേയും അവരുടെ പ്രാർത്ഥനകളേയുംപ്പറ്റി അല്പം ആലോചിക്കുന്നതു് ഈ സന്ദർഭത്തിൽ പ്രയോജനകരമാകാതിരിക്കയില്ല.

മറിയം മഗ്ദലേനായെ പാപജീവിതത്തിൽനിന്നും പരിരക്ഷിച്ചതു് ഈശോയാണു്. അവൾ അവിടുത്തെ ഏററവും വിശ്വസ്തയായ ശിഷ്യയായിത്തീർന്നു. അവൾ മിശിഹായെ പ്രത്യേക പക്ഷത്തോടെ സ്നേഹിക്കുകയും അതിനു സമ്മാനമായി മിശിഹാ (തന്റെ ദിവ്യമാതാവു കഴിഞ്ഞു) ആദ്യമായി ഉത്ഥാനാനന്തരം അവൾക്കു കാണപ്പെടുകയും ചെയ്തു. ആ ഹൃദയസ്പർശകമായ

കഥ നമുക്ക് എല്ലാവക്കും അറിയാവുന്നതാണ്. ഈശോയെ അടക്കിയിരുന്ന കല്ലറ ഒഴിഞ്ഞുകിടക്കുന്നതായി അറിഞ്ഞു അന്നു രാവിലെ വ്യസനാക്രാന്തയായ അവൾ അരിമത്തക്കാരനായ ജോസഫിൻെറ തോട്ടത്തിൽ ഒരാൾ നില്ക്കുന്നതുകണ്ട് അയാൾ തോട്ടക്കാരനായിരിക്കുമെന്നു നിശ്ചയിച്ചു ഇങ്ങിനെ ചോദിച്ചു: "മാന്യരേ, അവർ എൻെറ രക്ഷിതാവിൻെറ ശരീരം എവിടെ വെച്ചിരിക്കുന്നുവെന്നു നിങ്ങൾക്കു അറിവുണ്ടെങ്കിൽ എന്നോടു പറയുക." ആ തോട്ടക്കാരൻ ഈശോ തന്നെയായിരുന്നു. അവിടുന്നു കരുണാമസൃണമായ നോട്ടത്തോടും സഹജമായ ശാന്തസ്വരത്തിലും "മറിയം" എന്നൊരു വാക്കുമാത്രം ഉച്ചരിച്ചു. ബാഷ്പകണങ്ങളാൽ നിറഞ്ഞ നേത്രങ്ങൾകൊണ്ടു അങ്ങെ തിരിച്ചറിഞ്ഞയുടനെ അവൾ സാഷ്ടാംഗനമസ്കാരം ചെയ്തുകൊണ്ടു "റബോനി," എൻെറ ഗുരു എന്നു നെടുവീപ്പിട്ടു. ഈ ഒരു പ്രാത്ഥനാവചനത്തിൽ അവളുടെ സന്തോഷവും, ബഹുമാനവും, സ്നേഹവും, വിസ്മയവുമെല്ലാമടങ്ങിയിരുന്നു. നിജ്ജീവനല്ല, പിന്നെയോ സജീവനും മഹത്വത്തിൽ ഉയിത്തെഴുന്നേററവനുമായ തൻെറ യജമാനനനും ഗുരുവും, മാഗ്ഗദശിയും, പ്രിയപ്പെട്ട രക്ഷിതാവും താനാണെന്നു അവൾ ഈ ഒററവാക്കുകൊണ്ടു സംസ്ഥാപിക്കുന്നു. നമ്മുടെ ആദ്യത്തേയും അവസാനത്തേയും വി. കുമ്പ്സാരസ്വീകരണത്തിനുശേഷം മാത്രമല്ല നമ്മുടെ ആത്മാവ് സ്വഗ്ഗത്തിൽ പ്രവേശിച്ച് ദൈവദശനമുണ്ടാകുമ്പോഴും ചെയ്യേണ്ടു ഒരു പ്രാത്ഥനയാണ് അത്.

തോമാ തൻെറ സഹപ്രവത്തകന്മാരായ ശ്ലീഹന്മാരുടെ വാക്കുകളെ സംശയിച്ചു. താൻ മിശിഹായെ കണ്ടെങ്കിൽ മാത്രമെ വിശ്വസിക്കയുള്ളു എന്നു ശഠിച്ചു. മിശിഹായുടെ കൈകളിലും പാശ്വത്തിലുമുള്ള മുറിവുകളിൽ തൻെറ വിരൽ ഇടുന്നതിന് താൻ ഇച്ഛിച്ചു. നല്ലവനായ ഗുരു ആദ്യം കാണപ്പെട്ട മുറിയിൽ തന്നെ വീണ്ടും ഒരു ആഴ്ച കഴിഞ്ഞപ്പോൾ പ്രത്യക്ഷപ്പെട്ടു മുമ്പിലത്തെപ്പോലെ "നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞുകൊണ്ടു തോമായുടെ നേരെ തിരിഞ്ഞു ഇപ്രകാരം അരുളിച്ചെയ്തു:

"തോമായേ, നീ ഇവിടെ വന്നു എന്റെ കൈകളും, പാർശ്വവും നോക്കുക. കാണാതെ വിശ്വസിക്കുന്നവർ അനുഗൃഹീതരാകുന്നു." മറിയത്തെപ്പോലെ തന്നെ തോമായും ഗുരുവിന്റെ കാല്ക്കൽ സാഷ്ടാംഗപ്രണാമം ചെയ്തു "എന്റെ കത്താവേ, എന്റെ ദൈവമേ!" എന്നീ നാലുവാക്കുകൾകൊണ്ട് വിശ്വാസപ്രഖ്യാപനം നടത്തി. വൈദികൻ വി. കുർബ്ബാന ഉയർത്തുമ്പോഴും നമ്മുടെ ദിവ്യകാരുണ്യസ്വീകരണത്തിനുശേഷവും നാം ചെയ്യേണ്ട ആരാധനപ്രകരണവും ഇതുതന്നെ.

വി. പത്രോസിന്റെ പ്രാർത്ഥനയും സമുചിതവും അർത്ഥസമ്പുഷ്ടവും ചെറുതുമാണ്. അതേപ്പററി വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ ദിവ്യരക്ഷകൻ "യോനയുടെ പുത്രനായ ശീമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" എന്നു തുടച്ചയായി മൂന്നുപ്രാവശ്യം ചോദിക്കുന്നതു കേട്ടപ്പോൾ പത്രോസിനു സങ്കടമാണുണ്ടായതു്. പത്രോസു കണ്ണുനീരോടുകൂടെ "കത്താവേ, അങ്ങുന്നു എല്ലാസംഗതികളും അറിയുന്നു, ഞാൻ അങ്ങേ സ്നേഹിക്കുന്നുവെന്നു അങ്ങ് അറിയുന്നുവല്ലോ" എന്നു വീണ്ടും പറഞ്ഞു.

ഇവർ മൂന്നുപേരും പാപികളായിരുന്നു. മഗ്ദലേനമറിയം വളരെ പാപങ്ങൾ ചെയ്തെങ്കിലും അവൾക്ക് അതിനെല്ലാം മോചനം ലഭിക്കുകയും ഈശോയെ അത്യധികം ധൈര്യത്തോടെ അവൾ സ്നേഹിക്കുകയും ചെയ്തു. തോമാ തന്റെ അവിശ്വാസംനിമിത്തം പാപം ചെയ്തു. എന്നാൽ അദ്ദേഹത്തിനു വിശ്വാസം വീണ്ടും ലഭിക്കയും തന്റെ വിശ്വാസത്തെ രക്തസാക്ഷിത്വംകൊണ്ടു സ്ഥിരപ്പെടുത്തുകയും ചെയ്തു. പത്രോസു മിശിഹായെ മൂന്നുപ്രാവശ്യം നിഷേധിച്ചു എങ്കിലും മൂന്നുപ്രാവശ്യം അങ്ങേ പ്രഖ്യാപനം ചെയ്കയുണ്ടായി.

നമ്മളും മഗ്ദലേനയെയോ, തോമായെയോ, പത്രോസിനെയോ അനുകരിച്ചിട്ടുണ്ടോ? നാം നമ്മുടെ ജീവിതകാലത്തിൽ മനഃപൂർവ്വം പല പാപങ്ങളും ചെയ്തിട്ടില്ലേ? നാം ദൈവവാക്യത്തെ പരിത്യജിച്ചു് ക്രിസ്തുവിന്റെയും തിരുസഭയുടേയും സ്ഥാന

ത്തു് നമ്മുടെ സ്വന്തം അധികാരത്തെ പ്രതിഷ്ഠിച്ചിട്ടില്ലയോ? വിശ്വാസംമാത്രം ആവശ്യമുള്ളടത്തു് നാം ഭൌമിക തെളിവുകളെ ആവശ്യപ്പെടുന്നില്ലയോ? ഈശോ നമ്മുടെ പാപങ്ങളെയെല്ലാം വഹിക്കയും ഒരു ഉത്തമ സ്നേഹിതനും രക്ഷിതാവും എന്ന നിലയിൽ ഇക്കാലമെല്ലാം നമ്മോടുകൂടെ ഉണ്ടായിരിക്കയും ചെയ്തില്ലേ? കത്താവു നമ്മോടു നന്മയാണു് ചെയ്തിട്ടുള്ളതെങ്കിൽ ഈ മൂന്നു വിശുദ്ധന്മാരുടെ പ്രാത്ഥനയെയും കൂട്ടിച്ചേത്തു നമ്മുടെ വിശ്വാസത്തെയും ഉപകാരസ്മരണയെയും സ്നേഹത്തെയും ഇങ്ങിനെ രേഖപ്പെടുത്താം: "എന്റെ ഗുരുവേ! എന്റെ കത്താവേ, എന്റെ ദൈവമേ! ഞാൻ അങ്ങെ സ്നേഹിക്കുന്നുവെന്നു അങ്ങു് അറിയുന്നുവല്ലോ."

— സി. എഫ്.

# 'തിരുമണിക്കൂർ' ഭക്തി.

റവ. ഫാദർ എം. ആലക്കളം.

പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാൻ നമ്മുടെ രക്ഷയെപ്രതി മനുഷ്യാവതാരംചെയ്തു്, മുപ്പത്തിമൂന്നു കൊല്ലം ഭൂമിയിൽ ഏവക്കും മാതൃകാപരമായ ജീവിതംനയിച്ചു്, അവസാന കൊല്ലങ്ങളിൽ ദിവ്യപ്രബോധനങ്ങളാൽ ജനങ്ങളെ ഉപദേശിച്ചു്, ഒടുവിൽ കാൽവരിമുകളിൽ സ്വരക്തം ചിന്തി, പിതാവിനു ബലിയായി സ്വയം സമപ്പിച്ചു്, അവിടുന്നു നിയുക്തനായിരുന്ന ജോലി സമ്പൂണ്ണമായും സഫലമായും നിവ്വഹിച്ചു. എന്നാൽ മനുഷ്യകുലത്തോടുള്ള അവിടുത്തെ സ്നേഹം ഇതുകൊണ്ടു തൃപ്തിയടഞ്ഞില്ല. ലോകാവസാനംവരെ മനുഷ്യരുടെകൂടെ പ്രത്യേകവിധത്തിൽ വസിക്കുന്നതിന് അവിടുന്നു ആഗ്രഹിച്ചു. തൽഫലമായി ഏററം മഹനീയവും പാവനവുമായ പരിശുദ്ധ കുബ്ബാനയെ സ്ഥാപിച്ചു് നമ്മുടെ നിത്യാഹാരമായിട്ടും നിത്യബലിയായിട്ടും സക്രാരികളിൽ എല്ലാ ദിവസവും എല്ലാ സ്ഥലത്തും അവിടുന്നു വസിക്കുന്നു. "ഇതു് എന്റെ ശരീരമാകുന്നു;

നിങ്ങൾ എടുത്തു ഭക്ഷിപ്പിൻ. ഇതു് എൻെറ രക്തമാകുന്നു; നിങ്ങൾ എടുത്തു പാനംചെയ്യുവിൻ." മാത്രമല്ല, ദിവ്യകാരുണ്യ ഈശോ സദാ നമ്മുടെ ഉത്തമസ്നേഹിതനും, സങ്കടങ്ങളിൽ ആശ്വാസവും, അനൎത്ഥങ്ങളിൽ രക്ഷയും ആവശ്യങ്ങളിൽ സഹായവുമാണു്. "അദ്ധ്വാനിക്കയും ഭാരംവഹിക്കയും ചെയ്യുന്ന എല്ലാവരും എൻെറ പക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം."

എന്നാൽ ഈ ഇടുങ്ങിയ മണിമേടയിൽ അവിടുത്തേയ്ക്കു ലഭിക്കുന്നതു നിന്ദയും പരിഹാസവുമാണു്. സജീവമായ സ്നേഹത്തോടെ തൻെറ പക്കലേയ്ക്കു വരുന്നവർ നന്നാ ചുരുക്കം. നമുക്കായി അവിടുന്നു രാപ്പകൽ ഇവിടെ വസിക്കുന്നു. നാമാകട്ടെ അവിടുത്തെ സ്മരിക്കുന്നുപോലുമില്ല. വിശ്രമത്തിനായി നിശ്ചയിച്ചിരിക്കുന്ന രാത്രികാലങ്ങളെപോലും നീചവും നിന്ദ്യവുമായ ഓരോ വിനോദങ്ങൾക്കും ജോലികൾക്കുമായി ദുരുപയോഗിക്കുന്നവർ ഇക്കാലങ്ങളിൽ ധാരാളം. എന്നാൽ ഈ സ്വൎഗ്ഗീയമന്നാ ഭക്ഷിക്കുന്ന ദരിദ്രരും, ഈ സജീവഉറവയിൽനിന്നു പാനം ചെയ്യുന്ന പാന്ഥരും, ഈ ദിവ്യ വൈദ്യനോടു ഔഷധം വാങ്ങുന്ന രോഗികളും, ഈ ദുഃഖിതനെ ആശ്വസിപ്പിക്കുന്ന സ്നേഹിതരും എത്ര ദുൎല്ലഭം! ഇങ്ങനെ സൎവ്വരാലും പരിത്യക്തനായി, നിന്ദാവമാനങ്ങൾ സഹിക്കുന്ന ഈശോയെ ആശ്വസിപ്പിക്കയും ബഹുമാനിക്കയും ചെയ്യേണ്ടതു സ്നേഹഹൃദയമുള്ള ഏതു ക്രിസ്തുഭക്തൻെറയും കൎത്തവ്യമാണു്. മിശിഹായുടെ ദിവ്യരക്തത്താൽ വാങ്ങപ്പെട്ട ഭക്താത്മാക്കളെ, നന്ദിഹീനരായ അനേകരുടെപേൎക്കു നിങ്ങൾ പരിഹാരം ചെയ്യുവിൻ. ഗത്സമൻ തോട്ടത്തിലെ അതിഭയങ്കരമായ ദുഃഖംതന്നെ നമ്മുടെ സക്രാരികളിൽ ഇരുന്നുകൊണ്ടു് ഈശോ സഹിക്കുന്നു. പാപം വഴിയായി അനേകർ അവിടുത്തെ അടിക്കയും അപമാനിക്കയും തുപ്പുകയും മുൾമുടി ചൂടിക്കയും ചെയ്യുന്നുണ്ടു്. കൽത്തൂണിൽകെട്ടി അടിക്കയും ക്രൂരമായി അവിടുത്തെ വീണ്ടും ക്രൂശിക്കയും ചെയ്യുന്നവരും അത്ര കുറവല്ല. ഇവയെല്ലാം പരിഹാരം ചെയ്യേണ്ടതു നമ്മുടെ കടമ

യാണു്. "എന്നെ ആശ്വസിപ്പിക്കുന്നവനെ ഞാൻ അന്വേഷിച്ചു; എന്നാൽ കണ്ടെത്തിയില്ല" എന്നു് വ്യസനപൂർവ്വം അവിടുന്നു പറയുന്നു. ഗത്സമനിയിൽവെച്ചു് പത്രോസു് പ്രഭൃതികളോടുചെയ്ത അഭ്യർത്ഥനതന്നെ ഇപ്പോഴും നാമോരോരുത്തരോടും അവിടുന്നു ചെയ്തുകൊണ്ടിരിക്കുന്നു. "ഒരുമണിക്കൂർ എന്റെകൂടെ ഉണർന്നിരിപ്പാൻ നിങ്ങൾക്കു പാടില്ലയോ?" ദിവ്യരക്ഷകൻ തന്റെ ഈ ആഗ്രഹം വി. മർഗരീത്താ അലക്കോക്കിനു് പ്രത്യക്ഷമായി അറിയിച്ചിട്ടുണ്ടു്. നമ്മുടെ കർത്താവിന്റെ നിർദ്ദേശമനുസരിച്ചു് പുണ്യവതി വ്യാഴാഴ്ചയ്ക്കും വെള്ളിയാഴ്ചയ്ക്കും മദ്ധ്യേയുള്ള എല്ലാ രാത്രിയിലും വി. കുർബ്ബാനയുടെ മുമ്പാകെ സാഷ്ടാംഗമായി ആരാധന നടത്തിവന്നു. അചിരേണ ഈ ഭക്തകൃത്യത്തിനു് യൂറോപ്യൻ രാജ്യങ്ങളിൽ പ്രചാരം സിദ്ധിച്ചു. അടുത്തകാലത്തു് നമ്മുടെ നാടുകളിലും ഈ ഭക്തി നടപ്പിലായിട്ടുണ്ടു് എന്നുള്ളതു് എത്രയും സന്തോഷാവഹവും അഭിമാനകരവുംതന്നെ. ഓരോ കാരണങ്ങളാൽ പലർക്കും, പ്രത്യേകിച്ചു് സ്ത്രീകൾക്കു്, രാത്രികാലങ്ങളിൽ ദേവാലയത്തിൽപോയി ആരാധന നടത്തുന്നതു് പ്രയാസമത്രെ. ഇങ്ങനെയുള്ളവർ സ്വഭവനങ്ങളിൽതന്നെ ന. ക. തിരുഹൃദയ സ്വരൂപത്തിൻമുമ്പാകെ ഈ ആരാധന നടത്താവുന്നതാണു്. 'കുടുംബപ്രതിഷ്ഠ' എന്ന ഭക്തിയുടെ പ്രാരംഭകനായ മാത്യു ക്രോളി എന്ന വൈദികനാണു് ഈ 'ഗാർഹികാരാധന'യുടേയും അവതാരകൻ. ഇപ്പോഴത്തെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഈ ഭക്തിയെ പ്രത്യേകം ആശീർവ്വദിച്ചു പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. രണ്ടുകൊല്ലംമുൻപു ഗോവയിൽവെച്ചുകൂടിയ വി. കുർബാനയുടെ മഹായോഗത്തിൽ ഇതു് ഒരു പ്രത്യേക ആലോചനാവിഷയമായിരുന്നു. എറണാകുളം ചങ്ങനാശ്ശേരി രൂപതകളിലെ വന്ദ്യ മതാദ്ധ്യക്ഷന്മാർ ഇടയലേഖനങ്ങൾ വഴിയായി തങ്ങളുടെ മേനീയരെ ഈ ഭക്താഭ്യാസത്തിനു് പ്രേരിപ്പിച്ചിട്ടുള്ളതാണല്ലോ. ഇതു സംബന്ധിച്ചു് ഒരു സഖ്യവും ഇപ്പോൾ ഇററലിയിൽ സ്ഥാപിതമായിട്ടുണ്ടു്. രാത്രി ൧൦ മണിമുതൽ കാലത്തു ൬ മണിവരെയാണു് ആരാധനയ്ക്കുള്ള സാധാ

ണ സമയം. ഇതിനുള്ളിൽ ഏതെങ്കിലും ഒരു മണിക്കൂർ നിശ്ച യിച്ച് ആരാധന നടത്തേണ്ടതാണ്. ഓരോ മണിക്കൂർ മാറി മാറി ഓരോരുത്തർ ആരാധിക്കയോ അല്ലെങ്കിൽ ഏതെങ്കിലും ഒരു മണിക്കൂറിൽ കുടുംബാംഗങ്ങൾ എല്ലാവരും കൂട്ടമായി ആരാ ധിക്കയോ സൗകര്യംപോലെ ചെയ്യാൻപാടുണ്ട്. സഖ്യത്തിൽ ചേന്ന് ഒരു മണിക്കൂർ ഇങ്ങനെ ആരാധിച്ചശേഷം മാർപ്പാപ്പാ യുടെ നിയോഗപ്രകാരം ൧ ആ. ൧ നന്മ. ൧ ത്രി. ചൊല്ലിയാൽ പൂർണ്ണദണ്ഡവിമോചനവും പ്രാപിക്കാം. ഈ സഖ്യത്തിൽ ചേ രാനാഗ്രഹമുള്ളവർ, തങ്ങളുടെ പേരും, ആരാധന കഴിപ്പാൻ തി രഞ്ഞെടുത്തിരിക്കുന്ന തീയതി, മണക്കൂർ ഇവയും; 'നിശാരാധനാ ഡയറക്ടർ, പാറേൽപള്ളി, ചങ്ങനാശ്ശേരി' എന്ന മേൽവിലാ സത്തിൽ എഴുതി അയച്ചാൽമതി.

ക്രിസ്തുഭടന്മാരേ, ഈ ഭക്തകൃത്യം വഴിയായി നമ്മുടെ സ്നേ ഹംനിറഞ്ഞ കർത്താവിനുണ്ടാകുന്ന ആശ്വാസം എത്രയധികമാ യിരിക്കും! നമുക്കു ലഭിക്കാവുന്ന അനുഗ്രഹങ്ങൾ എത്രവലരെ! എത്ര പാപികളും ധൂർത്തപുത്രന്മാരും പിതൃഭവനത്തിലേയ്ക്കു പി ന്തിരിയും? എത്ര കുരുടാത്മാക്കൾക്കു സത്യദീപം ലഭിക്കും? മന്ദഭ ക്തരായ എത്രപേർ തീക്ഷ്ണതയുള്ളവരായിത്തീരും? ആകയാ ൽ നല്ല ഈശോയുടെ ക്ഷണത്തെ നമുക്കു സസന്തോഷം സ്വീകരി ക്കാം. അവിടുത്തോടുകൂടി അല്പമെങ്കിലും ഉണന്നിരുന്ന് മരണ ദുഃഖത്തിൽ നിമഗ്നമായിരിക്കുന്ന അവിടുത്തെ പൈതൃകഹൃദയ ത്തെ ആശ്വസിപ്പിക്കാം. ഗത്സമനിയിൽവെച്ചു ഒരു ദൈവ ദൂതൻ പ്രത്യക്ഷനായി കർത്താവിനെ ആശ്വസിപ്പിച്ചതുപോലെ ഇപ്പോഴും നമ്മുടെ ദേവാലയങ്ങളിലും ഭവനങ്ങളിലും അവിടുത്തെ ആശ്വസിപ്പിക്കുന്ന ദൈവദൂതന്മാരുടെ സംഖ്യ വർദ്ധിക്കട്ടെ. ഇ പ്പോൾ ചെയ്യുന്ന പരിത്യാഗങ്ങളുടെ വില മരണശയ്യയിൽ ഇ വർക്കു അനുഭവവേദ്യമാകയും ആശ്വാസപ്രദനായ മാലാഖായെ ഇവർക്കും ലഭിക്കയും ചെയ്യും.

# ഈശാവതരണം.

(ശ്രീമാൻ എം. ഒ. ജോസഫ്, നെടുങ്കുന്നം.)

രംഗം. ൪.

കുന്നിന്റെ മുകളിൽ.

ഒരു കുമ്മായക്കുന്നിന്റെ ചരിവിലാണ് ബത്‌ലഹം സ്ഥിതിചെയ്യുന്നതു്. ഇവിടെ പ്രകൃതിയാലും മനുഷ്യരാലും നിർമ്മിക്കപ്പെട്ടിട്ടുള്ള പല ഗുഹകളുമുണ്ട്. ഈ ഗുഹകൾ സ്മരണാതീതകാലത്തിനപ്പുറം മുതലേ കന്നുകാലികളെ സൂക്ഷിക്കുന്നതിനും, വേണ്ടിവന്നാൽ മനുഷ്യർക്ക് വസിക്കുന്നതിനും ഉപയോഗപ്പെടുത്തിയിരുന്നു. ഇവയുടെ അകം ഉണങ്ങിയതും തണുപ്പില്ലാത്തതുമായിരുന്നതുകൊണ്ട് അവിടെ കഴിച്ചുകൂട്ടുക ആർക്കും അനിഷ്ടകരമായിരുന്നില്ല.

ഒരു തൊഴുത്തായി ഉപയോഗിച്ചിരുന്ന ഇങ്ങനെയുള്ള ഒരു ഗുഹയിലേക്കാണ് യൗസേപ്പു മറിയത്തെ ആനയിച്ചതു്. മൈതാനത്തിന്റെ പൂർവ്വഭാഗത്തെ മലഞ്ചെരുവിലുള്ളതും ആ കുന്നിൻപുറത്തുള്ളതിൽ വിസ്തൃതവുമായ ഒരു ഗുഹയായിരുന്നു അതു്. അതിന്റെ മുൻവശത്തു കാട്ടുതടികളെക്കൊണ്ടുതീർത്ത ഒരു മറയുണ്ടായിരുന്നു. മററു മൂന്നുവശങ്ങളും പ്രകൃത്യാ ഉള്ള കുമ്മായക്കല്ലുകൾകൊണ്ടുള്ള ഭിത്തികളായിരുന്നു. ഇങ്ങനെ പ്രകൃതിനിർമ്മിതമായ ആ മുറിക്ക് ഉദ്ദേശം നാല്പതടി നീളവും പതിനാറടി വീതിയും പത്തടി പൊക്കവുമാണുള്ളതു്.

കപിലവർണ്ണമുള്ള തറയിൽ അങ്ങുമിങ്ങും പുല്ലും കച്ചിയും ചിന്തിച്ചിതറിക്കിടക്കുന്നു. ഏകദേശം മദ്ധ്യത്തിലായി ഒരിടത്തു കുറെ കരിഞ്ഞ തീക്കൊള്ളികളും അല്പം ചാരവും കിടപ്പുണ്ട്. ഭിത്തികളും മുകൾഭാഗവും പുകയാലും കയറുപാകിയതുപോലെയുള്ള ഇരുണ്ട ചിലന്തിവലകളാലും നിറയപ്പെട്ടിരിക്കുന്നു. കന്നുകാലികൾക്കു വെള്ളംകൊടുക്കുന്ന കൽത്തൊട്ടി ഒരുവശത്തു്; മറെറാരുമൂലയ്ക്കൽ ജീർണ്ണീഭവിച്ച ഒരു നാല്ക്കാലിയും കിടപ്പുണ്ട്.

അവിടെ ചിതറിക്കിടന്നിരുന്ന കച്ചിയെല്ലാം തട്ടത്തുക്കൂട്ടി മറിയത്തിന് ഒരു കിടക്ക യൗസേപ്പു തയ്യാറാക്കി. അടുപ്പിൽ

തീക്കൂട്ടി ഒരു കൽവിളക്ക കത്തിച്ചുവച്ചു. അടുത്തുണ്ടായിരുന്ന ഒരു ഊററിൽനിന്ന വെള്ളംകൊണ്ടുവന്ന ഒരു സൂപ്പു തയ്യാറാക്കി മറിയത്തിന നൽകി. അനന്തരം അവറം സൈ്വരമായി വിശ്രമിച്ചുകൊള്ളട്ടെയെന്നകരുതി യൌസേപ്പു ഗുഹാമുഖത്തിങ്കൽവന്നു നിലയായി.

സൂര്യാസ്തമനത്തിനുശേഷം മണിക്കൂറുകറം പലതു കഴിഞ്ഞിരിക്കുന്നു. കട്ടിക്കരിങ്കാർനിരയെല്ലാം മാറി നഭോമണ്ഡലം പ്രശാന്തവും മനോഹരവുമായി കാണപ്പെട്ടു. നക്ഷത്രങ്ങറം, പിംഗലാംശുകത്തിൽ വിതറിയ പൂക്കളെപ്പോലെയും, ചന്ദ്രൻ ഒരു രജതതാലത്തെപ്പോലെയും പ്രശോഭിച്ചുകൊണ്ടിരുന്നു. ഒന്നരമൈൽ അകലെ, ആട്ടിൻപററങ്ങറംക്കടുത്തു വലിയ അഗ്നികുണ്ഡങ്ങളുംകൂട്ടി ഇടയന്മാർ കാവലിരിക്കുന്നതുകാണാം. ആട്ടാലപ്പട്ടികളുടെ ക്രന്ദനങ്ങളൊ, ഭ്രമരങ്ങളുടെ മമ്മരനിസ്വനങ്ങളൊ, ഒഴിച്ചാൽ ആ രാത്രി സവ്വത്ര നിശ്ശബ്ദമയംതന്നെ.

തൊഴുത്തിൽനിന്നും കതകിൻെറ വിടവിൽക്കൂടെ പുറത്തേക്കുവന്നുകൊണ്ടിരുന്ന ആ മങ്ങിയ പ്രകാശത്തിൽ യൌസേപ്പു നില്ക്കുന്നതു കാണാം. ആ രാത്രിയുടെ സ്വഛതയിലും ഓജസ്സില്ലാ ആതുരനായ അദ്ദേഹം ദീഘമായൊന്നു നിശ്വസിച്ചു. നസ്രസ്സിൽനിന്നും പുറപ്പെട്ടതുമുതൽ മറിയത്തെപ്പററിയുള്ള പല മാതിരി ചിന്തകളാൽ യൌസേപ്പു ക്ലേശിതനായിരുന്നു. താനുംകൂടി അറിഞ്ഞിരുന്ന ആ മഹാ രഹസ്യത്തെ സ്മരിച്ചപ്പോറം അദ്ദേഹത്തിന് എന്തെന്നില്ലാത്ത ഒരു വ്യാകലതയുണ്ടായി. ശരീരമാസകലം രോമാഞ്ചമണിഞ്ഞു. ഇപ്പോറം അവർ ബത്ലഹമിൽ സസുഖം എത്തിയിരിക്കുന്നു. യാത്രാക്ലേശങ്ങളിൽനിന്നു വിമുക്തയായി മറിയം വിശ്രമിക്കുകയും ചെയ്യുന്നു. യൌസേപ്പ് സുദീഘമായി ഒന്നു നിശ്വസിച്ചു. ക്ഷമയോടും സഹനത്തോടുംകൂടെ ഒരു ദ്വാരപാലകനെപ്പോലെ അദ്ദേഹം നിലകൊള്ളുന്നു. ചിലപ്പോറം വാതിൽക്കൽ ചെവിവട്ടം പിടിച്ച് അകത്തേക്കു ശ്രദ്ധിക്കും. ചിലപ്പോറം മന്ദംമന്ദം മുൻപോട്ടും പിറകോട്ടും നടക്കും. ചിലപ്പോറം ആ ഭയങ്കര രാത്രിയുടെ അഗാധതയി

ലേക്ക നോക്കിക്കൊണ്ടു ഏകാഗ്രചിത്തനെന്നപോലെ നിലകൊള്ളും. തന്നിലുദിക്കുന്ന വികാരപരമ്പരകളിൽ ധ്യാനചിത്തനായി ചിലപ്പോൾ തന്നോടുതന്നെ മന്ത്രിച്ചുകൊണ്ടിരിക്കും.

യൗസേപ്പു: ബത്‌ലഹം....എഫ്രാററാ....ബത്‌ലഹം....എഫ്രാററാ യൂദായിലെ ആയിരങ്ങളിൽ നീ ഒരു ചെറിയവനാകുന്നു. ഇസ്രായേലിൻെറ രാജാവാകുവാനിരിക്കുന്നവൻ എന്നിലേക്കു നിന്നിൽനിന്നു പുറപ്പെടും....ബത്‌ലഹമേ നിന്നിൽ നിന്ന്....ഞങ്ങളുടെ പിതാവായ ദാവീദു നിന്നിൽനിന്നു വന്നതുപോലെ....ഈ മനോജ്ഞ സാന്ദ്രപ്രദേശത്തു്, ഇവിടെ അവൻ സംജാതനായി. ആ അഗ്നികുണ്ഡം കാണുന്നിടത്തു്, ആ ആട്ടിടയന്മാരെപ്പോലെ, ഈ വയലിൽ, അവൻ തൻെറ ആടുകളെ മേയിച്ചുകൊണ്ടിരുന്നു. അവർ അവനോട്ട് (ആ) വചനം ഇവിടെവച്ചു പറയുകയും, രാജാവായി അഭിഷേകം ചെയ്യുന്നതിന്ന് അവിടെ ഇവിടെനിന്നു കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. (ഒരു ശബ്ദം കേട്ടതായി തോന്നുകയാൽ വാതലിൽക്കൂടെ അകത്തേക്കു ദത്തശ്രദ്ധനായി നോക്കുന്നു.) ഞങ്ങൾക്ക് ഒരു ശിശു ജാതനായി. ഞങ്ങൾക്കു ഒരു പുത്രൻ ദത്തമായി. അവൻെറ പേരു്.... ഓ അവൻെറ പേരു്, ആശ്ചര്യകൻ, ഉപദേഷ്ടാവു്, സർവ്വ ശക്തനായ ദൈവം, വരുവാനിരിക്കുന്ന ലോകത്തിൻെറ പിതാവു്, സമാധാനരാജൻ....സമാധാനം....ഇന്നുരാത്രി എന്തു സമാധാനം. പകലത്തെ ചക്രവാതങ്ങളുടെയും പേമാരിയുടെയുംശേഷം, അഞ്ചു ദിവസങ്ങളിലെ തുടർച്ചയായുള്ള പേമാരിയുടെശേഷം, ഉള്ള സമാധാനകരമായ രാത്രി. അവൾ....അവൾ അതെല്ലാം ശാന്തതയോടെ, വളരെ ക്ഷമയോടെ, സഹിച്ചു. (വാതലിൻെറ വിടവിൽക്കൂടെവരുന്ന വെളിച്ചത്തെ അഭിമുഖീകരിക്കുന്നു.) മറിയം, ഓ മറിയമേ, ഞാൻ എന്തൊരു മറയൻ. ഞാൻ നിന്നെ സംശയിച്ചുപോയല്ലോ! അതേ ഞാൻ എങ്ങനെ ഊഹിച്ചേട്ടക്കം? അവളിൽ യാതൊരു പാപത്തിൻെറയും ലാഞ്ഛനം

പോലുമില്ലെന്ന് എനിക്കറിയാം; എന്നിട്ടും അവളെ കാണുകയും അവളെ വീക്ഷിക്കുകയും ചെയ്യുപ്പോൾ ഞാൻ ഒരു ഭ്രാന്തനായിത്തീന്നപോലെ തോന്നി. എനിക്ക് അവളിൽ സംശയമുണ്ടായിരുന്നില്ല. അവൾ എന്നോടു യാതൊന്നും പറഞ്ഞുമില്ല. അവൾ തൻെറ നിഷ്കന്മഷങ്ങളായ നേത്രങ്ങളെക്കൊണ്ടു എന്നെ നോക്കുകമാത്രം ചെയ്തു. എൻെറ പിതാക്കന്മാരുടെ ദൈവമേ, എൻെറ പ്രലപനങ്ങളെ അവിടുന്നു ശ്രവിക്കുകയും, സ്വന്തം ദൈവദൂതനെ എൻെറ അടുക്കൽ അയയ്ക്കുകയും ചെയ്തല്ലൊ. ഞാൻ വിശ്വസ്തനായിരിക്കാം. എൻെറ ദൈവമേ നീ അതിന് എന്നെ സഹായിക്കേണമെ. (ചന്ദ്രികാസുന്ദരമായ ഏകാന്തതയിൽ, ഒരു രാജകൊട്ടാരത്തിലെ ദ്വാരപാലകനെപ്പോലെ യൌസേപ്പു വാതില്ക്കൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഒരു ശബ്ദം കേട്ടതായി തോന്നുകയാൽ പെട്ടെന്നു നിന്ന്, തലപൊക്കി ശ്രദ്ധിക്കുന്നു. പിന്നെ ഒന്നും കേൾക്കായ്കയാൽ വീണ്ടും പഴയപോലെ നടക്കുന്നു.) സമയം സമാഗതമായി. ഇതും, മറെറല്ലാ ഉപത്യകകളും ഉയത്തപ്പെട്ടും; ഇവയും മറെറല്ലാ പവ്വതങ്ങളും കുന്നുകളും താഴ്ത്തപ്പെടുകയും ചെയ്യും. സമയം സമാഗതമായി. എഴുപതു് ആഴ്ചകൾ അവസാനിക്കാറായി. പാപത്തിന് അവസാനമുണ്ടാകും. അധമ്മം ഇല്ലാതാക്കപ്പെടും. നിത്യമായ നീതി പ്രതിഷ്ഠിക്കപ്പെടും. ദശ്നങ്ങളും പ്രവചനങ്ങളും പൂത്തീകരിക്കപ്പെടും. വിശുദ്ധന്മാരിൽ വിശുദ്ധനായുള്ളവൻ അഭിഷിക്തനാകും. എഴുപതു് ആഴ്ചകൾ അങ്ങേ ജനങ്ങൾക്ക് അവസാനിക്കാറായി. (പെട്ടെന്നു വാക്കുകളെ അടക്കി, തൊഴുത്തിൽ പ്രവേശിക്കാനായി എന്നപോലെ യൌസേപ്പു വാതില്ക്കലേക്കു നടക്കുന്നു; ഉടനെതന്നെ പിറകോട്ടുമാറി അല്പസമയം ഏകാഗ്രനായി നിലകൊള്ളുന്നു; ധ്യാനചിത്തനായി തൻെറ ശ്മശ്രുക്കളെ തലോടുന്നു.) എല്ലാം അനുകൂലമായിരിക്കുന്നു. അവൾ ആശിച്ചതുപോലെതന്നെ

സാധു! യൂദീത്ത്. അവരും ഞങ്ങളോടുകൂടെ ഇവിടെ, ഈ ബത്‌ലഹമിൽ, ഈ തൊഴുത്തിൽ, ഉണ്ടായിരുന്നെങ്കിൽ.... യാതൊരു സഹായക്കാരും ഇവിടെ ഇല്ലല്ലൊ. എന്നാൽ ഇതു്, ബത്‌ലഹം, ഞങ്ങളുടെ പിതാക്കന്മാരുടെ തറവാടു്, ദാവീദിന്റെയും ഈശൈയുടെയും വയലുകൾ ആണല്ലൊ. ഈശൈയുടെ മൂലത്തിൽ (വേരിൽ) നിന്നു് ഒരു ദണ്ഡു പുറപ്പെടും. അവന്റെ മൂലത്തിൽ (വേരിൽ) നിന്നു് ഒരു പുഷ്പവും ഉദിക്കും........ഒരു ശബ്ദം, നക്ഷത്രപ്രകാശംപോലെ, ആ രാത്രിയുടെ ഏകാന്തതയിൽ മൃദുവായ ഒരു മനുഷ്യസ്വരം കേൾക്കുന്നതുപോലെ തോന്നി. ചിലപ്പോൾ വ്യക്തമായും ചിലപ്പോൾ അവ്യക്തമായും, ചിലപ്പോൾ അല്പം ഉറച്ചും ചിലപ്പോൾ അതിശാന്തമായും ചിലപ്പോൾ വിക്കിവിക്കിയും അതു കേൾക്കുന്നതുപോലെ ഒരു തോന്നൽ.)

മറിയം: ....എന്റെ കുഞ്ഞേ, എന്റെ പൈതലേ, എന്റെ സ്നേഹഭാജനമേ, എന്റെ ഓമനേ, എന്റെ കുട്ടി, എന്റെ സ്വന്തമേ....(നിശ്ശബ്ദത) ഈശോ....ഈശോ....

യൗസേപ്പു് കൈകൾ ആകാശത്തിലേക്കുവിരിച്ചു്, ശിരസ്സു മേഘമണ്ഡലത്തിലേക്കുയർത്തി, ഏകാഗ്രചിത്തനായി, കൊത്തിവച്ച മരപ്പാവപോലെ, നിലകൊള്ളുന്നു. അവയവങ്ങൾ തളരുന്നതുപോലെ തോന്നി. പെട്ടെന്നു മുട്ടിന്മേൽ വീഴുന്നു. ലലാടപ്രദേശം ഭൂചുംബനം ചെയ്യത്തക്കവണ്ണം സാഷ്ടാംഗപ്രണാമം ചെയ്യുന്നു. അല്പം കഴിഞ്ഞപ്പോൾ ഒരു ശിശുവിന്റെ കരച്ചിൽ കേൾക്കുന്നു. പെട്ടെന്നു ചാടിയെഴുന്നേററു് ഒരു ഭ്രാന്തനെപ്പോലെ തൊഴുത്തിന്റെ വാതില്ക്കലേക്കു യൗസേപ്പു പായുന്നു. അവിടെനിന്നു മന്ദമായി എന്തോ മന്ത്രിക്കുന്നു. ക്ഷണം അകത്തു പ്രവേശിച്ചു തൊഴുത്തിന്റെ വാതിൽ അടയ്ക്കുന്നു....കുറെ നിമിഷങ്ങൾകഴിഞ്ഞു....വളരെ ദൂരെ താഴ്വാരത്തിൽ എവിടെയോ ഒരു മനുഷ്യശബ്ദം കേൾക്കുന്നു. ഹൃദയാവർജ്ജകമായ ഒരു സ്വനം. ആജ്ഞാപകന്റെയോ ഭാഗവതരുടെയോ സ്വരംപോലെ കർണ്ണാനന്ദകരമായ ഒരു നാദം കേൾക്കുന്നു. ആ നാദം അങ്ങിനെ

ശ്രവിച്ചുകൊണ്ടിരിക്കവെതന്നെ തൊഴുത്തിന്റെ വാതിൽ താനെ തുറക്കപ്പെടുന്നു. യൌസേപ്പു പുറത്തേക്കു സൂക്ഷിച്ചുനോക്കുന്നു. അതെന്താണെന്ന് അന്വേഷിക്കാനെന്നപോലെ, സാവധാനത്തിലും വിറയലോടെയും ഒന്നുരണ്ടടി മുന്നോട്ടുവയ്ക്കുന്നു. എന്തോ സംസാരിക്കാനെന്നപോലെ വീണ്ടും തൊഴുത്തിനുള്ളിലേക്കു വരുന്നു. വീണ്ടും പുറത്തേക്കുപോയി നോക്കുന്നു.

യൌസേപ്പ്: (ആശ്ചര്യഭാവത്തിൽ, സാവധാനം) എന്ത്?.... എന്ത്?....ഇതെന്തായിരിക്കാം?....ആ താഴ്വാരയിൽ അതാ ഒരു പ്രകാശസ്തംഭം....ആട്ടിടയന്മാരുടെ അഗ്നികുണ്ഡങ്ങൾക്കു സമീപം....ഒരു വെള്ളമേഘം വയലിൽനിന്നുയരുന്നു....ആകാശത്തിൽ ഒരു വെള്ളമേഘം....ഭൂമിയിൽനിന്ന് ആകാശത്തിലേക്ക് അഗ്നിമയമായ ഒരു മഴവില്ല്....അതാ അതു് അനങ്ങുന്നു....ചലിക്കുന്നു....ഈ രാത്രിയിൽ....അതു സജീവമാണ്....ദൈവമേ, ഓ എന്റെ ദൈവമേ, ഞങ്ങളെ രക്ഷിക്കണമെ. ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.... ദൈവദൂതന്മാർ....ദൈവത്തിന്റെ മാലാഖമാർ....യാക്കോബിന്റെ സോപാനം. ഒരു സൈന്യം വാനദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു....അതു സ്വർഗ്ഗത്തിന്റെ വാതിൽ, ദൈവത്തിന്റെ ആലയമാകുന്നു.....(ഒരു ശിത്രു കരയുന്നു. ഒരായിരം മനുഷ്യരുടെയെന്നപോലെയുള്ള ഒരു സംഗീതം, ആ രാത്രിയുടെ ഏകാന്തതയെ ഭയങ്കരമായി ഭഞ്ജിക്കുന്നു.)

ശബ്ദം: (ഗാഥ) "ഉന്നതേ ദേവനു സ്തോത്രവും, ഭൂമിയിൽ
നന്മനസ്സുള്ളോർക്കു ശാന്തിയതും"

സംഗീതം തുടർന്നുകൊണ്ടിരിക്കുന്നതിനിടയ്ക്ക് യൌസേപ്പു തൊഴുത്തിനുള്ളിൽ പ്രവേശിക്കുകയും, പുറത്തേയ്ക്കിറങ്ങുകയും വീണ്ടും കയറുകയും ഇറങ്ങുകയും ചെയ്യുന്നു. ശബ്ദം കൂടുതൽ പ്രസ്പഷ്ടമാകുകയും, ചിലപ്പോൾ അവ്യക്തമാകുകയും ചിലപ്പോൾ കേൾക്കാതിരിക്കുകയും ചെയ്യുന്നു. ഒടുവിൽ യൌസേപ്പു അകത്തു കയറി വാതിൽ ഭദ്രമായി അടയ്ക്കുന്നു. അങ്ങനെ കുറെ നിമിഷ

ങ്ങൾ കഴിയുന്നു.

ശബ്ദം: ഹേ, ഹേയ്, ഹേയ്....(മനുഷ്യർ ഉറച്ചു സംസാരിക്കുകയും പട്ടി കുരയ്ക്കുകയും ചെയ്യുന്ന ശബ്ദം കേൾക്കുന്നു.)

യൌസേപ്പ്: (കതകിനിടയിൽക്കൂടി പുറത്തേക്കുനോക്കിയിട്ട്) ആരതു് ?

ശബ്ദം: (ശ്വാസമടക്കാതെ) നിങ്ങൾക്കു സമാധാനം. ഞാൻ ശിമയോൻ. ആട്ടിടയൻ ശിമയോൻ.

യൌസേപ്പ്: ശിമയോൻ നിങ്ങൾക്കു സമാധാനം.

ശിമയോൻ: (അബ്സാലോം, ജോയൽ, ജോൺ ഇവരാൽ അനുഗരായി ഉറച്ചു സംസാരിച്ചുകൊണ്ടു പ്രവേശിക്കുന്നു) ഞങ്ങൾ ദൈവത്തിൻെറ ഒരു മാലാഖയെക്കണ്ടു.

യൌസേപ്പ്: (വിശ്വസിക്കാത്തമട്ടിൽ) കർത്താവു തൻെറ മാലാഖാമാരെ നിങ്ങളെ കാണിച്ചുവോ ?

ശിമയോൻ: ഞങ്ങൾ ദൈവത്തിൻെറ മാലാഖമാരെ കണ്ടെന്നു ഞങ്ങൾ ആണയിട്ടു പറയുന്നു.

അബ്സാലോം: (വികാരപരനായി) ഒരുകോടി മാലാഖമാരെ, ഭൂമിമുതൽ സ്വർഗ്ഗംവരെ നിറഞ്ഞിരിക്കുന്നതായി, ഞങ്ങൾ കണ്ടു.

ജോയൽ: (യൌസേപ്പിൻെറ മേലങ്കിപിടിച്ചു വലിച്ചുകൊണ്ട്) രാത്രിയിൽ ഞങ്ങളുടെ ഊഴം ആടുകളെ ഞങ്ങൾ സൂക്ഷിക്കുകയായിരുന്നു....

ജോൺ: (സസംഭ്രമം) ഞങ്ങൾ ഉറക്കമായിരുന്നു. ഞങ്ങൾ ഒരു സ്വപ്നം കാണുകയാണോയെന്നു വിചാരിച്ചുപോയി.

ശിമയോൻ: (യൌസേപ്പിൻെറ കൈകുപിടിച്ചുകൊണ്ട്) ദൈവത്തിൻെറ പ്രകാശം ഞങ്ങളെ ആവരണം ചെയ്തു അതു സാക്ഷാൽ ഷെക്കീനാ * ആയിരുന്നു.

അബ്സാലോം: മദ്ധ്യാഹ്നസൂര്യനെപ്പോലെ അതു നമ്മുടെ കണ്ണു

---

* ഷെക്കീനാ (Shechinah) മേഘരൂപത്തിലോ പ്രകാശരൂപത്തിലോ ദൈവപ്രഭാവം പ്രത്യക്ഷപ്പെടുന്നതിനു എബ്രായ ഭാഷയിൽ പറയുന്ന പേരു്.

കളെ മഞ്ഞളിപ്പിക്കുന്നതായിരുന്നു.

ജോയൽ: (ആംഗ്യങ്ങൾ കാണിച്ചു് ഉറക്കെ) മരിച്ചവരെപ്പോലെ, ഞങ്ങൾ ഉരുണ്ടുപിടച്ചു താഴെവീണു.

ജോൺ: (സഗദ്ഗദം) ഉണന്നെഴുന്നേററപ്പോൾ ഞങ്ങൾക്കു അനങ്ങുന്നതിനു ശക്തിയില്ലായിരുന്നു.

അബ്സാലോം: (യൌസേപ്പിന്റെ നേരെനിന്നു്) നിങ്ങൾ അതു കേട്ടുവോ? അശനിഗജ്ജനംപോലെയുള്ള ഒരു ശബ്ദം.

ശിമയോൻ: മിണ്ടാതിരിക്കു.

ജോയൽ: (പെരുവിരലിൽ പൊങ്ങിനിന്നു നോക്കിക്കൊണ്ടു്) ഹ. ഹ. ഇതുതന്നെ സ്ഥലം. ഞാൻ കണ്ടുപിടിച്ചു. അതാ ശിശു!

യൌസേപ്പു്: (വാതിൽക്കലേക്കു മാറിനിന്നുകൊണ്ടു്) ശിമയോനെ, എന്താണു്?

ശിമയോൻ: (സവ്യക്തം) ദൈവം തന്നെ എന്റെ സാക്ഷി. മുൻപെങ്ങും കേട്ടിട്ടില്ലാത്ത സംഗതികൾ തന്നെ. അതു സത്യമാണെന്നു ഞാൻ ആണയിട്ടു പറയുന്നു.

ജോയൽ: (അടക്കമില്ലാതെ) ഞാൻ അതു കണ്ടു; അതുതന്നെ ഇതു്.

ശിമയോൻ: മാലാഖ പറഞ്ഞതു്, "ഭയപ്പെടേണ്ട." ഞങ്ങൾ ഭയംകൊണ്ടു വിറയ്ക്കുകയായിരുന്നു. "ഇതാ ഒരു മഹാ സന്തോഷവാത്ത ഞാൻ നിങ്ങൾക്കു പ്രദാനംചെയ്യുന്നു. അതു് എല്ലാജനത്തിന്നുമുള്ളതാകുന്നു." അയാൾ പറഞ്ഞതു ഞങ്ങൾ എല്ലാവരും കേട്ടു. "ഈ ദിവസത്തിൽ, ദാവീദിന്റെ നഗരത്തിൽ, കത്താവായ അഭിഷിക്തൻ, ഒരു രക്ഷകൻ, നിങ്ങൾക്കു പിറന്നിരിക്കുന്നു."

അബ്സാലോം: (വിശ്വസിക്കാവുന്നതില്പമധികം എന്ന നാട്യത്തിൽ) അവർ സംഗീതാലാപം ചെയ്യുന്നതു നിങ്ങൾ കേൾക്കുകയുണ്ടായില്ലേ?

ജോയൽ: (അടക്കാൻ വയ്യാതെ) സഹോദരാ, ഞങ്ങൾ അകത്തു പോയി ശിശുവിനെ ഒന്നു കാണട്ടെയോ?

അബ്സാലോം: (മര്യാദയായി) ഞങ്ങൾ അതിനെ യാതൊന്നും ഉപദ്രവിക്കുകയില്ല. മാലാഖാ പറഞ്ഞിട്ടാണ് ഞങ്ങൾ വന്നത്.

ശിമയോൻ: (കോപഭാവത്തിൽ) നിങ്ങൾ മിണ്ടാതിരിക്കൂ. മാലാഖ ഞങ്ങൾക്ക് ഒരടയാളവും തന്നിട്ടുണ്ട്.

ജോയൽ: ഇതാണ് അടയാളം. ഞങ്ങളെ അകത്തു പ്രവേശിക്കുന്നതിന് എന്തുകൊണ്ടു അനുവദിക്കുന്നില്ല.

യൌസേപ്പ്: (വാതിൽ സൂക്ഷിച്ചുകൊണ്ട്) ശിമയോനെ, മാലാഖാ എന്തൊരു അടയാളമാണ് നിങ്ങൾക്കു തന്നിട്ടുള്ളത്.

ശിമയോൻ: എന്റെ വാക്കിനു ദൈവംതന്നെ സാക്ഷി. മാലാഖാ പറഞ്ഞത്: ഇതു നിങ്ങൾക്കു അടയാളമായിരിക്കട്ടെ. ശിശുവിനെ ഒരു പശുത്തൊട്ടിയിൽ പഴന്തുണിയിൽ പൊതിഞ്ഞു കിടത്തിയിരിക്കുന്നതായിക്കാണുമെന്നാണ്.

ജോയൽ: (ഉറച്ച്) ശിശുവിനെ ഞാൻ കണ്ടു. ഞങ്ങൾ അകത്തു പ്രവേശിക്കട്ടെ.

അബ്സാലോം: (യാചനാരൂപത്തിൽ) മാലാഖാ പറഞ്ഞതനുസരിച്ചാണ്.... ഞങ്ങൾ സുഹൃത്തുക്കളുമാണ്.

ശിമയോൻ: (മാന്യമായി) യൌസേപ്പേ, കർത്താവായ ദൈവം ഞങ്ങൾക്കു കാണിച്ചുതന്നിരിക്കുന്നതും സംഭവിച്ചിരിക്കുന്നതുമായ ഈ വചനത്തെ നേരിട്ടുകാണുന്നതിനു ഞങ്ങളെ അനുവദിക്കുക.

മറിയം: (ഉള്ളിൽനിന്നും) ശിമയോനെ, മററു ഇടയന്മാരേ, അകത്തുവരിക. ദൈവമായ കർത്താവു നിങ്ങൾക്കു കാണിച്ചുതന്ന ഈ വചനത്തെ നിങ്ങൾ കയറിവന്നു കാണുക. ഇടയന്മാരെ, സഹോദരരെ, അകത്തുകയറിവരിക. നിങ്ങൾ വന്നു സർവ്വശക്തനായ, കർത്താവായ ദൈവത്തിന്റെ മഹത്വത്തിനു സാക്ഷികളായിരിക്കുക.

ഈ വാക്കുകൾ കേൾക്കവേ, യൌസേപ്പും ശിമയോനും മററുഇടയന്മാരും പരസ്പരം നോക്കുന്നു. വാതിൽക്കൽനിന്നു യൌസേപ്പു മാറുന്നു. ഇടയന്മാർ അകത്തു പ്രവേശിക്കുന്നു. കുന്നിൻ

പുറങ്ങളിൽ ആടുകളെ മേയിച്ചുമാത്രം പരിചയമുള്ള അവർ, അവരുടെ "മര്യാദ" അനുസരിച്ച്, പെരുവിരൽകുത്തി, പശു തൊട്ടിയിങ്കലേക്കു ഭയമൂകരായി നടന്നുചെല്ലുന്നു. ഭീതരായി, ലജ്ജാവനമ്രശിരസ്കരായി, അവർ ശിശുവിനെ വീക്ഷിക്കുന്നു. ശിമയോൻ മുട്ടിന്മേൽവീണ്, തൊട്ടിയുടെ വക്കിന്മേൽ പിടിച്ച് ഭക്തിപുരസ്സരം ചുംബിക്കുന്നു. ഉടനെ മററുള്ള ഇടയന്മാരും ഓരോരുത്തരായി സന്നിശ്ശബ്ദം മുട്ടിന്മേൽവീണ്, ശിശുവിനെ അക്ഷമരായി, നിന്നിമേഷരായി, നോക്കിക്കൊണ്ടിരിക്കുന്നു.

ശിമയോൻ: (ഓർമ്മ നടിച്ച്) മാലാഖ പറഞ്ഞത്, "ഈ ദിവസത്തിൽ, കർത്താവായ അഭിഷിക്തൻ, ഒരു രക്ഷകൻ, നിങ്ങൾക്കു പിറന്നിരിക്കുന്നു"വെന്നാണ്.

മറിയം: അവൻെറ പേരു ഈശോ, രക്ഷകൻ, എന്നാണ്.

ശിമയോൻ: അവൻ, തൻെറ ജനത്തെ ശത്രുക്കളിൽനിന്നുദ്ധരിക്കുകയും, ലോകത്തിൻെറ പാപങ്ങളെ നീക്കുകയും ചെയ്യുന്ന രക്ഷകൻ,....

ജോൺ: (അതിശ്രദ്ധയോടെ) ഈ ശിശു ?

ശിമയോൻ: ഒരു പശുത്തൊട്ടിയിൽ പഴന്തുണിയിൽ പൊതിഞ്ഞു കിടത്തിയിരിക്കുന്ന....

അബ്സാലോം (ശ്വാസം വിട്ടുകൊണ്ട്) "ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും." ഇങ്ങിനെയാണ് മാലാഖ പാടിയത്.

ജോയൽ. (എഴുന്നേററുകൊണ്ട്) ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ! (വാതിൽക്കൽചെന്നു ഉറച്ചു വിളിക്കയും, ശ്രദ്ധിക്കയും, പിന്നെയും വിളിക്കയും ചെയ്യുന്നു. എന്തോ ഒരു മറുപടി കിട്ടി) അവിടുന്നു ഇവിടെ ഉണ്ട്. ഞങ്ങൾ അങ്ങയെ തൊഴുത്തിൽ കണ്ടെത്തിയിരിക്കുന്നു.

ശിമയോൻ: എൻെറ കർത്താവും, എൻെറ ദൈവവും. ഒരു മാലാഖയാണ് അതു ഞങ്ങളോടു പറഞ്ഞത്.

അബ്സാലോം: (എഴുന്നേററുകൊണ്ട്) ദൈവത്തിനു സ്തുതി! ഭൂമിയിൽ സമാധാനം!,! (ജോണിനെ മുടിക്കുപിടിച്ചെഴു

ന്നേല്പിച്ച്) ദൈവത്തിന്നു സ്തുതി!!

ജോൺ ഒരുമിച്ച് വാതിൽക്കൽ ജോയലിൻെറ അടുക്കലേക്കു പോകുന്നു. അവർ മൂന്നുപേരും തലയാട്ടുകയും, പാദങ്ങൾ ചലിപ്പിക്കുകയും ചെയ്യുന്നു. ഏതോ ഒരു ചൈതന്യം അവരുടെ ഉള്ളിൽ ചരിക്കുന്നതായി അവക്കു തോന്നി. അവർ മൂളിപ്പാട്ടു പാടുകയും ശിരസ്സു ചലിപ്പിക്കുകയും ചെയ്യുന്നു. പുറമേനിന്നു മററു ആട്ടിടയന്മാർ വളരെ വേഗത്തിൽ, അവരെക്കടന്നു വാതിലൂടെ, അകത്തു പ്രവേശിക്കുന്നു. ആ പശുത്തൊട്ടിയെ ജോയൽ അവക്കു ചൂണ്ടിക്കാണിക്കുന്നു. ആ തൊട്ടിയുടെമുൻപിൽ ശിമയോനോടൊന്നിച്ച് അവരും മുട്ടുകുത്തുന്നു. ആ തൊട്ടിയെ സൂക്ഷിച്ചുംകൊണ്ടെന്നപോലെ ഒരു വശത്തു യൌസേപ്പും നിലകൊള്ളുന്നു. ശിശുവിൻെറ ശിരസ്സു തലോടിക്കൊണ്ടു മറെറാരു വശത്തു മറിയവും ഇരിക്കുന്നു. അബ്സാലോം, ജോയൽ, ജോൺ മുതലായവർ (അരഭ്രാന്തന്മാരെപ്പോലെ) ആ തൊഴുത്തിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്നു. വാക്കുകൾക്കൊപ്പിച്ചുള്ള താളത്തിൽ നടന്നുകൊണ്ട്,

അബ്സാലോം: അഭിനവജാതനായ രാജാവിന്നു സ്വസ്തി! അഭിനവജാതനായ രാജാവിന്നു സ്വസ്തി!!

ജോൺ: (അഗ്നികുണ്ഡത്തിനടുത്തു നിലയുറപ്പിച്ചുകൊണ്ട്) ഹല്ലേലുയ്യാ! ഹല്ലേലുയ്യാ!!

ജോയൽ: (വായുവിൽ വൃഥാ കൈകൊണ്ട് അടിച്ച്) ദാവീദിൻെറ പുത്രന് ഓശാന! ദാവീദിൻെറ പുത്രന്നു ഓശാന!
(മററുള്ള ഇടയന്മാരും ഭ്രാന്തരെപ്പോലെ ജോയലിനോടു കൂടി പാടുന്നു.)

യൌസേപ്പ്: (മറിയത്തിനോട്) ഞാൻ ഇവരെ ഓടിച്ചുകളയട്ടെയോ?

മറിയം: വേണ്ട. അവർ പാടിക്കൊള്ളട്ടെ. അവിടുന്നു വന്നതിൽ അവർ അത്യാനന്ദമുള്ളവരായി തീന്നിരിക്കുന്നു. അവർ അങ്ങയ്ക്കു സ്വാഗതം പറയുകയാണ്. അവിടുന്ന് അവക്ക് ഒരു മാലാഖയെ അയച്ചുവല്ലോ. അവിടുത്തെ കു

ണ്ണുകളിൽ ഒരു പ്രകാശത്തെ ഞാൻ കാണുന്നു.

മറിയം എത്തിവലിഞ്ഞ് ആ തൃണമഞ്ചത്തിൽനിന്നും ശിശുവിനെ എടുത്തു തന്റെ മടിയിൽ കിടത്തുന്നു. ഒരു വശത്തു മറിയത്തോട് സമീപിച്ച് യൌസേപ്പും ഇരിക്കുന്നു. എതിർവശത്തു അവരെ സൂക്ഷിച്ചുകൊണ്ട് ശിമയോനും മുട്ടിന്മേൽ നിലകൊള്ളുന്നു. ചെറപ്പക്കാരായ മററു ഇടയന്മാർ ദുസ്സഹമായ ഒരു ശബ്ദം പുറപ്പെടുവിക്കുന്നു. എന്തെന്നാൽ അവർ ബുദ്ധിഭ്രമമുള്ളവരൊ, ഭ്രാന്തന്മാരൊ പോലെ ആയിത്തീർന്നിരുന്നു. അവർ നടക്കുകയും, പാടുകയും സംഭ്രമചിത്തരായി കല്ലിയുടെ പുറത്ത് ഉരുണ്ടുവീഴുകയും എഴുന്നേൽക്കുകയും ചെയ്യുന്നു. ആട്ടാലപ്പട്ടികൾ ചാടുകയും കുരയ്ക്കുകയും ചെയ്യുന്നു. ഇടയന്മാർ പരസ്പരം തോളിൽ കൈയിട്ട് തുള്ളിയാർത്തുകൊണ്ട് ശിശുവിനെയും മാതാവിനേയും സമീപിക്കുന്നു. ശിമയോൻ തന്റെ വടിയെടുത്തു അവരെ ഓടിക്കുന്നു. യൌസേപ്പ് എന്താണ് ചെയ്യേണ്ടതെന്നറിയാതെ വിഷമിക്കുന്നു. മറിയമാകട്ടെ മന്ദസ്മിതം പൊഴിക്കുന്നു. ശിമയോൻ അവരെ ഓടിക്കുന്നുണ്ടെങ്കിലും അവർ അതു ശ്രദ്ധിക്കുന്നില്ല. ഒടുവിൽ അവർ വാതിൽക്കൽ സമ്മേളിച്ച് അവർക്കു ചിരപരിചിതമായ ഒരു ഗാനം ആലപിക്കുന്നു. പാട്ടിനുശേഷം അവർ വീണ്ടും ശിശുവിന്റെയും മാതാവിന്റെയും വട്ടമിട്ടുകൂടുന്നു. ശിമയോൻ അവരുടെ തോളിൽ തട്ടി വാതിൽക്കലേക്കു ചൂണ്ടിക്കാണിക്കുന്നു. അവർ ആ വഴി പോകവേ വാതില്ക്കൽ വച്ച്,

അബ്സാലോം: ഇതൊരു മഹാരാത്രിതന്നെ. നാമെന്താണു ചെയ്യേണ്ടത്.

ജോയൽ: നമുക്കു ബെത്‌ലഹം നഗരത്തിലേക്കു പോകാം.

ജോൺ: ഹല്ലേലുയ്യ! ഹല്ലേലുയ്യ!!

അബ്സാലോം: നമുക്കു പട്ടണത്തിൽചെന്നു പട്ടണവാസികളെ വിളിച്ചുണർത്താം. മാലാഖാ പറഞ്ഞത്: മഹാസന്തോഷപ്രദമായ വാർത്ത എന്നാണല്ലൊ? അതു നമുക്ക് അവരോടു പറയാം.

ജോയൽ: ബെത്‌ലഹമിലേക്കുതന്നെ.

അബ്സാലോം: വരട്ടെ. നാം പോകുന്നതിനുമുൻപ് ഒരു പാട്ടു കൂടെ. (പാടിത്തുടങ്ങുന്നു) എല്ലാവരും പാടുവിൻ.

അബ്സാലോമിനെ അനുഗമിച്ച് ഇടയന്മാരെല്ലാം വാതിൽ കടന്നു പാട്ടുപാടിക്കൊണ്ട് അവിടെനിന്നു പോകുന്നു. അവരുടെ സ്വരം ക്രമേണ കേൾക്കാതായി. യൌസേപ്പും മറിയവും ശിമയോനും ശിശുവിനെയും കാത്തുകൊണ്ട് നിശ്ശബ്ദപൂർവ്വം നിലകൊള്ളുന്നു. തൊഴുത്തിൽ സർവ്വത്ര നിശ്ശബ്ദം; പ്രശാന്തത. മറിയത്തിന്റെ മുൻപിൽ ശിമയോൻ മുട്ടുകുത്തി, മറിയത്തിന്റെ മുഖത്തുനോക്കിക്കൊണ്ടു കൈകൾ നീട്ടി. അയാളുടെ കരങ്ങളിലേക്കു മറിയം തന്റെ ശിശു സസ്മിതംവച്ചുകൊടുത്തു. ഭീതനായ യൌസേപ്പ് ശിമയോൻ കൈക്കുകീഴെ തന്റെ കൈകൾ പിടിക്കുന്നു.

മറിയം: (സാവധാനം, മന്ത്രിച്ചുകൊണ്ട്) എനിക്കു ജാതനായി.... അത്യുന്നതന്റെ പുത്രൻ.... ദാവീദു സന്തോഷിക്കട്ടെ. റാഹേൽ ആനന്ദിക്കട്ടെ.

---

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ

# വിശുദ്ധ റീത്താ.

(തിരുനാൾ മേയ് ൨൨.)

അതീതകാലങ്ങളിൽ അസംഖ്യം അത്ഭുതങ്ങൾ സംഭവിക്കുകയും ധാരാളമായിട്ടല്ലെങ്കിലും ആധുനികകാലത്തും അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ പ്രകൃത്യതീതമായുള്ള സകലവും തദ്വാരാ അത്ഭുതങ്ങളുടെ ആസ്തിക്യവും അവഗണിക്കുന്ന തത്വവാദികളുടെ സ്ഥിതി വാസ്തവത്തിൽ പരിതാപകരംതന്നെ. എന്നാൽ മതതീക്ഷ്ണതയിൽ പ്രമുഖരെന്ന് പ്രപിതാമഹന്മാർതൊട്ടുതന്നെ പ്രഖ്യാതരായ കേരളീയരുടെയിടയിൽപോലും ഇക്കൂട്ടർ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നുവെന്നുള്ളതത്രെ അതിലും ശോചനീയം. ഇവരുടെ ജല്പനങ്ങൾക്കു വിരുദ്ധമായി ഇന്നും

ലോകത്തിൻെറ നാനാഭാഗങ്ങളിലും അത്ഭുതങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുത മറക്കാവുന്നതോ മറയ്ക്കാവുന്നതോ അല്ല. വി. റീത്തായുടെ ജീവചരിത്രവും അനന്തരം പുണ്യവതിയുടെ മദ്ധ്യസ്ഥഫലമായി നടന്നിട്ടുള്ള സംഖ്യാതീതങ്ങളായ അത്ഭുതങ്ങളും പ്രസ്താവിതവാസ്തവത്തിന് മകുടോദാഹരണങ്ങളത്രെ.

വി. റീത്താ സ്പ്പോളേറേറാ എന്ന മിസ്സത്തിൽ റോക്കാപെറേന എന്ന സ്ഥലത്തു വയോവൃദ്ധരും ധർമ്മപ്രവൃത്തികളാൽ 'ഏശുനാഥൻെറ സമാധാനപരിപാലകർ' എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്നവരുമായ മാതാപിതാക്കളിൽനിന്നും ക്രിസ്ത്വാബ്ദം ൧൩൮൧-ൽ ഭൂജാതയായി. സുകൃതിനിയായിരുന്ന ഈ ബാലിക ചെറുപ്പത്തിൽത്തുടങ്ങിത്തന്നെ, ഒരു കന്യകാമഠത്തിൽ പ്രവേശിച്ചു തൻെറ ജീവിതകാലം മുഴുവനും ദൈവസ്തുതിക്കായി വിനിയോഗിക്കുന്നതിന് അതിയായി ആഗ്രഹിച്ചിരുന്നു. എങ്കിലും സ്വമാതാപിതാക്കന്മാരുടെ ആഗ്രഹം വിപരീതമായിരുന്നതിനാൽ അവരെ തൃപ്തിപ്പെടുത്തുന്നതിനായി തൻെറ ൧൨-ാമത്തെ വയസ്സിൽ വിവാഹിതയാകയത്രെ ചെയ്തത്. വിധിവൈപരീത്യത്താൽ റീത്തയുടെ ഭർത്താവു അതിക്രൂരനും ഒരു തികഞ്ഞ മദ്യപനുമായിരുന്നതിനാൽ ഈ ദാമ്പത്യജീവിതം നമ്മുടെ കഥാനായികക്ക് ഒട്ടും സുഖകരമായിരുന്നില്ല. "മൂക്കററം" മദ്യപിച്ചതിൻെറശേഷം അർദ്ധരാത്രിയോടുകൂടി വീട്ടിൽവരികയും, അതിവിശ്വസ്ത പത്നിയും തന്നെ സ്നേഹപുരസ്സരം പരിചരിക്കയും ചെയ്തിരുന്ന നമ്മുടെ വിശുദ്ധയെ അയാൾ അതികഠിനമായി മർദ്ദിക്കയും ചെയ്തിരുന്നു. അതിദാരുണമായ ഈ പ്രഹരവർഷത്തെ പരിപൂർണ്ണ ക്ഷമയോടും അനുസരണയോടുംകൂടെ സഹിക്കുകയും അവയെ ദൈവസ്തുതിക്കായും സ്വവരൻെറ മാനസാന്തരത്തിനായും, ആ തരുണീരത്നം സസന്തോഷം കാഴ്ചവയ്ക്കുകയും ചെയ്തിരുന്നു. ഹാ! കുടുംബസമാധാനമില്ലാതെ കഷ്ടപ്പെടുന്ന ദമ്പതിമാൎക്ക് എത്ര മഹനീയമായ സന്മാതൃക!!

റീത്തായുടെ ഇത്ര വലുതായ ക്ഷമയെ സൎവ്വകാരുണികനായ

ദൈവം ഈ ലോകത്തിൽവച്ചുതന്നെ സമ്മാനിക്കാതിരുന്നില്ല. പതിനെട്ടു സംവത്സരത്തോളം ദീൎഘിച്ച ഈ വൈവാഹിക ജീവിതത്തിൽ നമ്മുടെ പുണ്യവതിക്കു രണ്ടു സന്താനങ്ങൾ ജാതരായി. ഇവരെ അനുസരണത്തിലും ദൈവഭീതിയിലും വളൎത്തുന്നതിന് റീത്താ അത്യധികം ശ്രമിച്ചെങ്കിലും സ്വഭൎത്താവിന്റെ ദുൎവ്യാപാരങ്ങൾ അവരെ പ്രേരിപ്പിക്കതന്നെ ചെയ്തു.

നിരന്തരമായ പ്രാൎത്ഥനയുടെ ഫലമായി റീത്തയുടെ ഭൎത്താവ്, തന്റെ ജീവിതരംഗത്തിന്റെ അന്ത്യഘട്ടത്തോടുകൂടി മാനസാന്തരപ്പെട്ടെങ്കിലും ഈ സൗഭാഗ്യം അധികനാൾ അനുഭവിക്കുന്നതിന് നമ്മുടെ പുണ്യവതിക്ക് യോഗമുണ്ടായില്ല. എന്തുകൊണ്ടെന്നാൽ ൧൪൧൬-ൽ അയാൾ വഞ്ചകന്മാരാൽ വധിക്കപ്പെടുകയും, പുത്രന്മാർ രണ്ടുപേരും പ്രതികാരേച്ഛുക്കളായി 'കച്ച കെട്ടി' പുറപ്പെടുകയും ചെയ്തു. വിധവയായിത്തീൎന്ന അവരുടെ മാതാവ് ഭൎത്തൃവിരഹത്തിൽ ഒരുത്തമ പത്നിക്ക് അനുയോജ്യമായവിധത്തിൽ ദുഃഖിക്കുകയും പ്രതികാരമാകുന്ന ദുഷ്കൃത്യത്തിൽനിന്നും വിരമിക്കുന്നതിന് സ്വപുത്രരോട് പ്രലപിച്ചപേക്ഷിക്കുകയും ചെയ്തു. എങ്കിലും യൗവനയുക്തരായ അവർ ഈ അപേക്ഷയെ വിഗണിച്ച് ഘാതകരെ അന്വേഷിച്ചു നടന്നിരുന്നു. ആകയാൽ തന്റെ പ്രിയപുത്രരെ ഈ മഹാപാതകത്തിൽ നിന്നു എങ്ങിനെയെങ്കിലും വിമുക്തരാക്കുന്നതിന് ദൈവത്തെ പ്രാൎത്ഥിക്കുവാൻ തുടങ്ങി. എന്തെന്നാൽ അവർ പ്രവൎത്തിക്കാനൊരുമ്പെട്ടിരിക്കുന്ന സാഹസകൃത്യത്താൽ അവരുടെ ആത്മാവുകളെ അശുദ്ധമാക്കി പിശാചിന്റെ നികൃഷ്ടദാസന്മാരായി കാണപ്പെടുന്നതിനേക്കാൾ പ്രസാദവരത്തിൽ മരിച്ചു ഓരോ പ്രേതമഞ്ചത്തിൽ കിടത്തപ്പെട്ടിരിക്കുന്നതു കാണുന്നതിനായി ആ നല്ല മാതാവ് കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. തദനുസരണം നന്മരണത്താൽ അവർ രണ്ടുപേരും അധികം താമസിയാതെ തന്നെ ലോകവ്യവഹാരങ്ങളിൽ നിന്ന് വിമുക്തരാക്കപ്പെടുകയും ചെയ്തു. ലോകത്തിൽ തനിക്കു യാതൊരു ആശ്രയവും ഇല്ലാതെയാക്കിത്തീൎത്ത ഈ പുത്രവിരഹവും പുണ്യവതിയുടെ സഹനശക്തിയെ കഠിനമായി

പരീക്ഷിക്കാതിരുന്നില്ല. എങ്കിലും ദൈവതിരുചിത്തത്തോടുള്ള പരിപൂൎണ്ണമായ അനുസരണം പുണ്യവതിയെ ദൈവസ്നേഹത്തിൽ പൂൎവ്വാധികം സ്ഥിരപ്പെടുത്തി. വാത്സല്യപുത്രവിരഹത്തിൽ അതിരററ ദുഃഖം പ്രദൎശിപ്പിച്ചു ദൈവത്തെ പഴിക്കയും ദൈവപരിപാലനയെ ശപിക്കയും ചെയ്യുന്ന ക്രിസ്തീയ മാതാക്കൾക്കും നമ്മുടെ വിശുദ്ധ ഉത്തമ ദൃഷ്ടാന്തമായിരിക്കട്ടെ.

അധിക കാലവിളംബമെന്യേ റീത്താ സ്വദേശത്തുതന്നെയുള്ള ഒരു അഗുസ്തീനിയൻ കന്യകാമന്ദിരത്തിൽ പ്രവേശനത്തിനപേക്ഷിക്കുകയും വിധവയെന്നുള്ള കാരണത്താൽ അപേക്ഷ നിരാകരിക്കപ്പെടുകയുമത്രെ സംഭവിച്ചത്. എങ്കിലും മറാധിപയ്ക്കുണ്ടായ ദൈവവെളിപാടാൽ പുണ്യവതിക്കു പ്രവേശനം ലഭിക്കുകയും യഥാകാലം സഭാവസ്ത്രധാരണവും സഭയുടെ വ്രതവാഗ്ദാനവും പുണ്യവതി നിൎവ്വഹിക്കുകയും ചെയ്തു.

വി. റീത്താ തപഃപ്രവൃത്തികളിലും ഇന്ദ്രിയനിഗ്രഹത്തിലും മറെറല്ലാവരേയും അതിശയിച്ചിരുന്നതുകൂടാതെ തൻെറ പ്രാൎത്ഥനയുടെ അത്ഭുതാവഹമായ സാഫല്യശക്തിയാൽ സുപ്രസിദ്ധയുമായിത്തീൎന്നു. പുണ്യവതി സ്വൎഗ്ഗീയദൎശനങ്ങൾ കൂടക്കൂടെ കണ്ടിരുന്നതിനുപുറമെ ഒരിക്കൽ ദിവ്യരക്ഷകൻെറ മുൾമുടി തൻെറ തലയിലും വയ്ക്കപ്പെടുന്നതിനുള്ള ഭാഗ്യാതിരേകവും തനിക്കു സിദ്ധിച്ചു. ഇതിൻെറ ബാഹ്യലക്ഷണമായി തൻെറ നെററിയുടെ ഇടത്തുവശത്തു ഒരു മുറിവുണ്ടാകുകയും അതിൽനിന്നു നിരന്തരമായ പീഡ പുണ്യവതി അനുഭവിക്കുകയും ചെയ്തിരുന്നു. അവസാനമായി ൧൪൫൬-ൽ സുകൃതാഭ്യസനത്താലും ക്ഷമാമസൃണമായ പീഡാസഹനത്താലും പരിപാവനമാക്കപ്പെട്ട തൻെറ പരിശുദ്ധാത്മാവിനെ അതിൻെറ സ്രഷ്ടാവിൻെറ പക്കൽ കയ്യാളിക്കുകയും ചെയ്തു.

വി. റീത്തായെ പുണ്യവതിയെന്നു നാമകരണം ചെയ്തിട്ടു മൂന്നു വ്യാഴവട്ടക്കാലമായിട്ടില്ലെങ്കിലും അത്യാശ്ചൎയ്യകരമായ തൻെറ സ്വൎഗ്ഗീയമദ്ധ്യസ്ഥതയാൽ, മനുഷ്യദൃഷ്ട്യാ അസാദ്ധ്യങ്ങളായിരുന്ന സംഖ്യാതീതങ്ങളായ സംഗതികൾ അത്ഭുതകരമായി സാധി

ച്ചതിനാൽ "അസാദ്ധ്യകാൎയ്യങ്ങളുടെ മാദ്ധ്യസ്ഥ" എന്ന മഹനീയ നാമത്താൽ വി. സഭ ഈ വിശുദ്ധയെ പ്രഖ്യാപനം ചെയ്തിരിക്കുന്നു.

ഈ സ്വൎഗ്ഗീയവല്ലഭയുടെ മദ്ധ്യസ്ഥതയാൽ ലഭിച്ചിട്ടുള്ളതും ലഭിക്കാവുന്നതുമായ അനുഗ്രഹങ്ങൾക്കെല്ലാം ഹാൎദ്ദമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊണ്ടും അത്യാവശ്യവേളകളിൽ ഈ പുണ്യവതിയുടെ ശക്തിയേറിയ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നതിനായി വായനക്കാരോടു അഭ്യൎത്ഥിച്ചുകൊണ്ടു സംക്ഷിപ്തമായ ഈ ജീവചരിത്രം ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

— വേ. മ.

# കത്തോലിക്കപ്പരിശ്രമം.

(ശ്രീമാൻ ആൻറണി തൊകലത്തു്.)

ഞായറാഴ്ചയും 'കട'മുള്ള ദിവസങ്ങളും ശുദ്ധമായാചരിച്ചാൽ കത്തോലിക്കപ്പരിശ്രമമായെന്നു ഒരു സ്നേഹിതൻ ഉപദേശിക്കുന്നതായി ഞാൻ കേട്ടു. തരക്കേടില്ല, കത്തോലിക്കപരിശ്രമത്തെപ്പററി ഇമ്മാതിരി ഉപദേശിച്ചാൽ അതു കത്തോലിക്കപ്പരിശ്രമമായെന്നു കേൾക്കുന്നവൎക്കുകൂടി സമ്മതമായാൽ അതും നല്ലതുതന്നെ.

രക്ഷകനായ ക്രിസ്തുവിൻെറ കല്പനകളെ—ദൈവപ്രമാണങ്ങളെ—അക്ഷരാൎത്ഥം അനുഷ്ഠിക്കുന്നതിലാണു് കത്തോലിക്കപ്പരിശ്രമമെന്നു ആ മാന്യസ്നേഹിതനുവേണ്ടി ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു. അതെ, സൎവ്വവസ്തുക്കളിലും മേലെയായി ഉടയനാഥനെ സ്നേഹിക്കുകയും തന്നെപ്പോലെതന്നെ തൻെറ അയല്ക്കാരനെ സ്നേഹിക്കുകയും ചെയ്യുന്നതിലാണു് കത്തോലിക്കപ്പരിശ്രമം സ്ഥിതിചെയ്യുന്നതു.

ദൈവസ്നേഹം നിങ്ങളുടെ പരിശ്രമങ്ങൾക്കു ഒരു ജീവനായിട്ടെന്നും പരിലസിക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ പ്രവൃത്തി

പഥം സുഗമവും വിസ്തൃതവുമായിത്തീരുന്നതിനു അയല്ക്കാരുടെ സ്നേഹവും നിങ്ങൾക്കത്യന്താപേക്ഷിതമാണ്. ദൈവാനുഗ്രഹത്തിന്റെ പ്രവൃത്തി സ്നേഹത്തിന്റെ വിളഭൂമിയിൽ മാത്രമാണ് ഫലഭൂയിഷ്ഠമായിത്തീരുക.

ദൈവപ്രമാണങ്ങളെക്കൊണ്ടു കൈകാര്യം നടത്തുന്നതിലാണ് കത്തോലിക്കാപ്പരിശ്രമം സ്ഥിതിചെയ്യുന്നതെന്നുമാത്രം പറഞ്ഞാലും ഇന്നത്തെ സ്ഥിതികളും ഗതികളും അനുസരിച്ച് ഇതിനു കൂടുതൽ വ്യാഖ്യാനവും ദൃഷ്ടാന്തങ്ങളും നാം കാണിച്ചുകൊടുക്കേണ്ടതായിവരും. ബഹുജനം പലവിധമാണ്. വിദ്യാഭ്യാസം അഭിവൃദ്ധിപ്പെട്ടുവരികയാണ്. നവങ്ങളും അഭിനവങ്ങളുമായ കണ്ടുപിടുത്തങ്ങളും സൂക്തികളും "വെറും പിട്ടത്തങ്ങളും" അടിക്കടി വളർന്നുവരികയാണ്. യുക്തികളും ശക്തി കൂടിക്കൂടിവരികയാണ്. അതുകൊണ്ടു പുരോഹിതലോകത്തിനുമാത്രം സാധിക്കാവുന്ന വിധത്തിലല്ല ഇന്നത്തെ പരിശ്രമം. വൈദികനും അവൈദികനും ചില പ്രത്യേക വ്യവസ്ഥകളിൽ പങ്കുവെച്ചെടുത്തു വിശ്രമംകൂടാതെ തുടർന്നുകൊണ്ടുപോകേണ്ടതാണ് ഇന്നത്തെ കത്തോലിക്കാപ്പരിശ്രമം. ബന്ധത്തിൽനിന്നാണ് ബന്ധുത്വം വളർച്ച വരുത്തേണ്ടത്. മനുഷ്യർക്കാണ് പരസ്പരം ബന്ധവും ബന്ധുത്വവും ഉണ്ടാകേണ്ടത്. മനുഷ്യരാണ് ഭൂമുഖത്തുള്ള ഒരു യഥാർത്ഥ കുടുംബത്തിന്റെ അംഗങ്ങൾ. ഭൂമിയെ സ്വർഗ്ഗത്തിനായി നയിക്കേണ്ടുന്നതു മനുഷ്യരാണ്. സുഖത്തെയും ദുഃഖത്തെയും രസത്തെയും വിരസത്തെയും വകവെക്കാതെയും വിവേകത്തോടുകൂടിയും അസൂയയുടെ നേത്രപടങ്ങളെ ത്യജിച്ചും അഹങ്കാരത്തിന്റെ ജിഹ്വാഗ്രങ്ങളെ അടക്കിയും കത്തോലിക്കാപ്പരിശ്രമത്തെ അർത്ഥവത്താക്കിച്ചെയ്യേണ്ടതു കത്തോലിക്കജനതയാകുന്ന വൈദികരും അവൈദികരും കൂടിയാണ്.

സമഭാവനാദൃഷ്ടിയോടുകൂടിയാണ് ദൈവപുത്രനെ അനുഗമനം ചെയ്യേണ്ടത്. സംതപ്തഹൃദയസൂനങ്ങളിൽ സമാശ്വാസനഹൈമബിന്ദുക്കൾ കോരിത്തളിപ്പാൻ തയ്യാറുള്ളവരാണ് യഥാർത്ഥ കത്തോലിക്കാപ്പരിശ്രമം ശിരസാ വഹിക്കുന്നവർ.

# വ്യാജപ്രസ്താവന.

ഒരു ദിവസം കുറെ അധികം സന്യാസികൾ മരുഭൂമിയിൽ അജ്ഞാതജീവിതം നയിച്ചുവന്ന ഇജിപ്തിലെ വി. യോഹന്നാനെ സന്ദർശിക്കുവാൻ ചെന്നിരുന്നു. അവരുടെകൂട്ടത്തിൽ അച്ചന്മാരൊ ശെമ്മാശന്മാരൊ ആയി വല്ലവരുമുണ്ടൊ എന്നു അദ്ദേഹം ചോദിച്ചു. അവരെല്ലാവരും ഇല്ലെന്നു ഉത്തരം പറഞ്ഞു. വിനയം നിമിത്തം ദൈവശുശ്രൂഷിയാണെന്നറിയിക്കാതെ സന്യാസികളുടെകൂട്ടത്തിൽ കഴിഞ്ഞുകൂടിപ്പോന്ന ഒരു ആറാംപട്ടക്കാരനെ ചൂണ്ടിക്കാണിച്ചുകൊണ്ടു വിശുദ്ധൻ "ഇദ്ദേഹം ഒരു ഡീക്കനാണ്" എന്നു പറഞ്ഞു. ശെമ്മാശ്ശൻ വീണ്ടും അതു നിഷേധിച്ചു. വി. യോഹന്നാൻ അദ്ദേഹത്തിന്റെ കൈ പിടിച്ചു ചുംബിച്ചതിന്റെശേഷം "എന്റെ മകനേ, ദൈവത്തിൽനിന്നും നീ സ്വീകരിച്ചിട്ടുള്ള കരുണയെ നിഷേധിച്ചുകൊണ്ടു എളിമയാൽ വ്യാജപ്രസ്താവന ചെയ്യുന്നതിനു നീ വശംവദനാകരുതു്. എത്ര നല്ല ഉദ്ദേശത്തോടുകൂടിയായിരുന്നാലും നാം നുണ പറയരുതു്. എന്തുകൊണ്ടെന്നാൽ സത്യത്തിനു വിരുദ്ധമായിട്ടുള്ളതൊന്നും ദൈവത്തിൽനിന്നല്ല" എന്നു പറഞ്ഞു. ആ ശെമ്മാശ്ശൻ തനിക്കു കിട്ടിയ കുറ്റാരോപണം ബഹുമാനപൂർവ്വം തലകുനിച്ചു സ്വീകരിച്ചു.

— ബട്ട്ളർ.

---

"അതുകൊണ്ടു നിങ്ങൾപോയി എല്ലാ ജാതികളേയും പഠിപ്പിക്കുക." എന്നു കല്പിച്ച ക്രിസ്തു, "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാരൂപിയുടെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തിയിട്ടു" എന്നുകൂടി അരുളിച്ചെയ്തിട്ടുണ്ട്. ഇതു നാം ഗാഢമായി ചിന്തിക്കത്തക്ക ഒന്നുതന്നെയാണ്. നമ്മുടെ വിശ്വാസം എന്താണെന്നു വാസ്തവമായിട്ടന്യരെ ധരിപ്പിക്കുവാൻ നാം പ്രാപ്തരും തയ്യാറുള്ളവരും ആയിരിക്കണം. നമ്മുടെ കത്തോലിക്കപ്പരിശ്രമത്തിന്റെ പ്രാധാന്യം പ്രസ്തുത പരിശ്രമത്തിനു നാം സജ്ജമാക്കേണ്ട ഉപകരണങ്ങളിലാണ് സ്ഥിതിചെയ്യുന്നതു്. യഥാർത്ഥമായ കത്തോലിക്കപ്പരിശ്രമം എന്താണെന്നു സ്വയം മനസ്സിലാക്കിയതിന്റെശേഷം അക്കാര്യസംബന്ധമായിട്ടന്യരോടുപദേശം ചെയ്വാൻ എന്റെ മാന്യസ്നേഹിതർ പുറപ്പെടുവാനെങ്കിലും എന്റെ ഈ ചെറുലേഖനം സഹായമായിരിക്കട്ടെ.

---

# ഉയിൎപ്പ്.

അന്നനട.

(ശ്രീമതി പി. ഐ. കുഞ്ഞന്നം.)

പ്രതാപശാലിയാം പ്രമാദഹീനനാം
പിതാഭിലാഷത്തെയനുസരിച്ചവൻ
പരത്തെവിട്ടവൻ ഇഹത്തിൽ വന്നവൻ
കരത്തെ ക്രൂശിന്മേൽ വരിച്ച ത്യാഗിതാൻ
കടലിൻമീതേയും നടന്നവൻ പുണ്യ-
ക്കടലാമീശ്വരസുചേഷ്ടിതങ്ങളോ
കഠിനവ്യാധികൾ സുഖപ്പെടുത്തിയോൻ
പെടാപ്പാടുകളെ സ്വയംവരിച്ചവൻ
മരിച്ചുപോയവർ തിരിച്ചുവന്നീടാൻ
കരളലിഞ്ഞുററു ജപിച്ചയോഗീശൻ
പിറവിയിൽതന്നെ കുരുടരായോരെ
നിറയത്തുഷ്ടിയാൽ സുഖപ്പെടുത്തിയോൻ
അധിക്ഷേപങ്ങളും പ്രഹരവു മേറെ
വ്യഥകളുമേററുവലഞ്ഞൊരുദിവ്യൻ
കുരിശുമേന്തിതാൻ ശിലാതലത്തൂടെ
കരഞ്ഞുപോയൊരുനിരപരാധിയോ
കരചരണങ്ങൾ കുരിശിലാണിയാൽ
തറയ്ക്കപ്പെട്ടോരു മനുഷ്യപുത്രൻതാൻ
നരരെയെന്നപോൽ യവനിയിൽദേഹം
മറയ്ക്കപ്പെട്ടോരു സുതനാംദൈവംതാൻ
അഹോ! മൂന്നാംദിനം അനല്പദീപ്തിയാൽ
മഹാശയൻ സ്വയമുയിൎത്തവൻ പൂജ്യൻ
വിജയം വിശ്രുമക്കൊടി ധരിച്ചവൻ
അജപാലൻ ക്രിസ്തു ഉയിൎത്തതത്ഭുതം!

# പൊതുനിയോഗം.

ദൈവജനനിയുടെനേൎക്ക് പുത്രനിൎവ്വിശേഷമായ
സ്നേഹവും ആശ്രയവും എല്ലാവരിലുമുണ്ടാകുക.

മേയ്മാസം ദേവമാതാവിൻെറ പ്രത്യേക വണക്കത്തിനായി നിശ്ചയിച്ചിട്ടുള്ളതാണല്ലൊ. കേരളീയൎക്ക് ദേവമാതാവിൻെറനേൎക്ക് പ്രത്യേക ഭക്തിയുണ്ടെന്ന അവർ ധരിച്ചുവരുന്ന ഉത്തരീയവും അവർ ദിവസന്തോറും എത്തിച്ചുവരുന്ന കൊന്തനമസ്കാരവും സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ ഇതെല്ലാം വെറും ബാഹ്യചിഹ്നങ്ങളാണ്. തങ്ങൾ ഉത്തരീയ സഭയുടേയും ജപമാലസഖ്യതയുടേയും നിയമങ്ങൾക്കനുസരിച്ചാണൊ ആ ഭക്തകൃത്യങ്ങൾ നിൎവ്വഹിച്ചുവരുന്നതെന്ന ഓരോരുത്തരും പരിശോധിച്ചുനോക്കേണ്ടതുണ്ട്. അതിലുള്ള കുറവുകൾ തീൎക്കാനുള്ള അവസരം ഇതാണ് കൂടാതെ ഈ സഭകളിൽ ചേരാത്തവരുണ്ടെങ്കിൽ ഇനിയെങ്കിലും അതിൽ പേരെഴുതിക്കേണ്ടതുമാണ്. ദേവമാതാവിൻെറ യഥാൎത്ഥ മക്കൾ ഇതുകൊണ്ടൊന്നും തൃപ്തിപ്പെടുന്നതല്ല അവർ ശുദ്ധത, വിനയം, ക്ഷമ, അനുസരണ മുതലായ സുകൃതങ്ങൾ തങ്ങളിലും മാതാവിലുള്ളതുപോലെ പ്രശോഭിക്കുന്നതിന്ന സദാ പ്രയത്നിച്ചുകൊണ്ടിരിക്കും. അതിനാൽ എല്ലാവൎക്കും ദേവമാതാവിൻെറനേൎക്ക് പുത്രനിൎവ്വിശേഷമായ സ്നേഹവും ആശ്രയവുമുണ്ടാകുന്നതിന്ന തിരുഹൃദയസഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാൎത്ഥിക്കേണ്ടതാണ്.

---

# ജൂബിലിവത്സരം നീട്ടി.

ദിവ്യരക്ഷകൻെറ കുരിശാരോഹണത്തിൻെറ പത്തൊൻപതാം ശതാബ്ദപൂൎത്തി സംബന്ധിച്ചു പ. സിംഹാസനത്തിൽനിന്ന പ്രഖ്യാപനം ചെയ്യപ്പെട്ടിരുന്ന ജൂബിലിവത്സരത്തിൻെറ കാലാവധി ൧൯൩൩ ഏപ്രിൽ രണ്ടാംതീയതി മുതൽ ൧൯൩൪ ഏപ്രിൽ രണ്ടാംതീയതിവരെ ആയിരുന്നല്ലൊ. വി. വത്സരം ഉൽഘാടനം ചെയ്തിരുന്നതുപോലെ കഴിഞ്ഞ ഏപ്രിൽ രണ്ടാംതീയതി പ. പിതാവു് തിരുമനസ്സുകൊണ്ടു അതു റോമിൽ ഉപസം

# മാതൃസ്തവം.

ശ്രീമാൻ ജെ. എ. വേലിയത്ത് ബി. ഏ.

രാഗം ഹരികാംബോജി. താളം ആദി.

(സനിത്തോടി. എ മ.)

പല്ലവി.

സുരറാണി! മാതേ! ഓ മരിയേ! (സുര)

അ. പ.

സുകൃതനിധേ! പരി-പാലയമാം ദയാബ്ധേ!
സോമപദാലംകൃതേ! സാധുജനാദർശമേ! (സുര)

ചരണം.

പദസരോജം തേ-ഗതി സുമവാണീ!
വാനവരാജാത്മജേ! മാനവപാലികിയേ!
ജന്മപാപരഹിതേ! നന്മസംപൂരിതയേ!
പൊന്മകൻ തേ നികടേ-ചേർത്തരുൾ മേ സദയം. (സുര)

---

ഹരിക്കയും ചെയ്തു. ജൂബിലിവത്സരത്തിന്റെ മഹനീയഫലങ്ങളെ റോമിലെത്തി പ്രാപിക്കുവാൻ സാധിക്കാത്തവരെ ഉദ്ദേശിച്ച് പ. പിതാവ് ദയാപൂർവം ജൂബിലിവത്സരത്തിന്റെ കാലാവധി നീട്ടിയിരിക്കുന്നു. തൽസംബന്ധമായുള്ള ഔദ്യോഗിക തിരുവെഴുത്തു ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ മംഗളവാർത്ത ആദ്യമായി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചതു ഐർലണ്ടിൽനിന്നും റോമിൽ എത്തിയ കത്തോലിക്കാ സ്കൗട്ടുസംഘം ഉൾപ്പെടെയുള്ള അവസാനതീർത്ഥകസംഘത്തോടാണ്. വിശുദ്ധ വത്സരം അവസാനിച്ചശേഷവും ഒരു നിശ്ചിതകാലത്തേക്കു ജൂബിലിസംബന്ധമായ ബന്ധവിമോചനങ്ങൾ കത്തോലിക്കർ അവരവരുടെ രൂപതകളിൽ പ്രത്യേകം നിർദ്ദേശിക്കപ്പെടുന്ന പള്ളികൾ സന്ദർശിച്ചുകൊണ്ടു പ്രാപിക്കാമെന്നും അതാതു രൂപതകളിലെ അദ്ധ്യക്ഷന്മാരായിരിക്കും ഈ പള്ളികൾ നിർദ്ദേശിക്കേണ്ടതെന്നും, ഒരു രൂപതയിൽതന്നെ മൂന്നോനാലോ പള്ളികൾ നിർദ്ദേശിക്കപ്പെടാവുന്നതാണെന്നും ആണു പുതിയ വ്യവസ്ഥ. ഈ സുവർണ്ണാവസരത്തെ ഫലപ്രദായകമാക്കിത്തീർക്കുവാൻ കത്തോലിക്കർ എല്ലാ പരിശ്രമങ്ങളും ചെയ്യേണ്ടതാണെന്നുള്ളതിനു പ്രതിപക്ഷമില്ല.

---

# കുറിപ്പുകൾ.

ന്യൂക്കൊനാലൻഡ് എന്ന സ്ഥലത്തുള്ള ഒരു പ്രോട്ടസ്റ്റൻറ് പാദ്രിയുടെ പുത്രി പിതാവിൻെറ അനുവാദത്തോടുകൂടി അവിടെയുള്ള ഒരു കത്തോലിക്കാ കന്യകാലയത്തിൽ പ്രവേശിച്ചിരിക്കുന്നു.

ലൂർദ്ദിലെ അത്ഭുതകരമായ രോഗശമനത്തെപ്പററി വേണ്ട പര്യന്വേഷണങ്ങൾ നടത്തുന്നതിനു വിവിധമതസ്ഥരായ ഒരു സർവ്വരാജ്യ വൈദ്യസംഘം ലൂർദ്ദിലുണ്ടെന്നുള്ള വിവരം പ്രസിദ്ധമാണല്ലോ. ഈ സംഘം സ്ഥാപിച്ചിട്ട് ൫൦ കൊല്ലം പൂർത്തിയാകുന്നതു് അടുത്ത കൊല്ലമാണ്. തൽസംബന്ധമായുള്ള ആഘോഷങ്ങൾ ഏററവും ആഡംബരപൂർവ്വം നടത്തുന്നതിനും പ്രസ്തുത മെഡിക്കൽ ബ്യൂറോയെ കുറേക്കൂടി വിപുലമാക്കുന്നതിനും ഈയിടെ കൂടിയ അതിൻെറ വാർഷികയോഗത്തിൽ തീരുമാനിച്ചിരിക്കുന്നു. ലൂർദ്ദിലെത്തി അത്യത്ഭുതകരമായ രോഗശമനം പ്രാപിച്ച മൂന്നു ഫ്റഞ്ചുകാരും ഇതിൽ സംബന്ധിച്ചിരുന്നു.

തെക്കേ അമേരിക്കയിലെ അർജൻറീനാ എന്ന പ്രജാധിപത്യരാജ്യത്തിൻെറ തലസ്ഥാനമായ ബ്യൂനോസ് എയേഴ്സിൽവച്ച് അടുത്ത ഒക്ടോബർ ൰-ാംനു- മുതൽ നാലു ദിവസത്തേക്കു നടത്തപ്പെടുന്ന അഖിലലോക ദിവ്യകാരുണ്യകോൺഗ്രസ്സിൽ ൨൦ ലക്ഷത്തിൽപരം വിശ്വാസികൾ സംബന്ധിക്കുമെന്നാണ് പ്രതീക്ഷ. രണ്ടാമത്തെ ദിവസം കുട്ടികൾക്കായും, നാലാമത്തെ ദിവസം വിവിധവകുപ്പുകാരുടെ സമ്മേളനങ്ങൾക്കായും നിശ്ചയിച്ചിരിക്കുന്നു. കന്യാസ്ത്രീകളുടെ ഒരു സമ്മേളനം ഇക്കൊല്ലത്തിൽ വിശേഷാൽ നടത്തുന്നതാണ്. പൊതു ദിവ്യകാരുണ്യസ്വീകരണവും, പേപ്പൽ പ്രതിനിധികളുടെ ആഘോഷമായ പൊന്തിപ്പിക്കൽ കുർബ്ബാനയും, ൰ മൈൽ ദീർഘിക്കുന്ന ദിവ്യകാരുണ്യപ്രദക്ഷിണവും അവസാന ദിവസം ഉണ്ടായിരിക്കും.

ലണ്ടൻ പട്ടണത്തിലുള്ള ചില തെരുവുകൾക്കുള്ള പുരാതനനാമങ്ങൾതന്നെ ആ പട്ടണത്തിലെ കത്തോലിക്കാ മതവിശ്വാസത്തിൻെറ പൌരാണികത്വത്തെ തെളിയിക്കുന്നു. കുരിശുതെരുവ്, വിശ്വാസത്തെരുവ്, ആവ്മേരിയാതെരുവ്, ആമേൻതെരുവ്, കർത്തൃപ്രാർത്ഥനാതെരുവ് എന്നിങ്ങനെയുള്ള പേരുകളിൽനിന്നും തെളിയുന്നതു ഈ വാസ്തവമാണല്ലോ.

സയാമിലെ ഭരണാധികാരിയായ പ്രജാധിപോക് ചക്രവർത്തി ചക്രവർത്തിനിയോടും യുവരാജാവിനോടും ഒരുമിച്ച് ഈയിടെ വത്തിക്കാനിലെത്തി പരിശുദ്ധ പിതാവിനെ സന്ദർശിച്ചിരിക്കുന്നു. മാർച്ച് ൰൯-ാംനു- വിശുദ്ധരെന്നു പേർവിളിക്കുന്നതു സംബന്ധിച്ചു നടന്ന ആഘോഷങ്ങളിൽ ഇവർ സംബന്ധിക്കുകയുണ്ടായി.

റോമയിലേയ്ക്കു പോയിരിക്കുന്ന ഇന്ത്യൻതീർത്ഥകസംഘം നാലു വിഭാഗങ്ങളായിട്ടാണു തിരിച്ചെത്തുന്നതെന്നു ഇവിടെ അറിവു കിട്ടിയിരിക്കുന്നു. ‘ആദ്യത്തെ

സ്" എന്ന കപ്പലിൽ യാത്ര ചെയ്യുന്ന ൯൪ തീർത്ഥകർ ഏപ്രിൽ ൨൩-ാംനു-യും, 'അറാമിസ്" കപ്പലിൽവരുന്ന ൧൭ തീർത്ഥകർ മെയി ൬-ാംനു-യും, 'Explorateur Grandidier' എന്ന കപ്പലിൽവരുന്ന ൧൯൦ തീർത്ഥകർ മെയി ൧൨-ാംനു-യും കൊളമ്പിൽ എത്തുന്നതാണ്. ബാക്കി ൧൨൦ പേരുടെ മടക്കം യാത്ര എന്നായിരിക്കുമെന്നു തീർച്ചയാക്കിയിട്ടില്ലെന്നും അറിയുന്നു.

'ഞങ്ങൾക്കു പണിയും ഭക്ഷണവും തരിക' എന്നു പറഞ്ഞുകൊണ്ടു അമേരിക്കയിലെ ൩൦൦൦ വേലക്കാർ ഒരു ഘോഷയാത്ര നടത്തുകയും, പൊല്ലീസുകാർ അവരെ തടഞ്ഞതിനാൽ ഉഭയകക്ഷികളും തമ്മിൽ ഭയങ്കരമായ ഒരു ലഹള നടക്കുകയും ചെയ്തിരിക്കുന്നു.

ലോകത്തിലെ ഏററം പ്രായംകൂടിയ മനുഷ്യനായ സദറാതൂഗ വീണ്ടും വിവാഹം ചെയ്വാനാഗ്രഹിക്കുന്നു. തന്റെ ൧൩൦ വയസ്സിനുള്ളിൽ ൧൬ വിവാഹം നടത്തിയ ഇയാൾ, ൪൦ വയസ്സായ ഒരു 'ബാലിക'യെ വിവാഹം ചെയ്വാൻ പോകുന്നു എന്നും അതുകൊണ്ടു തന്റെ പെൻഷൻ ൩൫ ഡോളറിൽനിന്നു ഇരട്ടിക്കണമെന്നും ഇസ്താംബൂൾ മുൻസിപ്പാലിററിയെ അറിയിച്ചിരിക്കുന്നു. ൧൭൭൪-ൽ ബാൾട്ടിക്കു പ്രദേശങ്ങളിൽ ജനിച്ച സദറാതൂഗ ഇസ്താംബൂളിൽപ്പോയി ഒരു പോർട്ടർ ആയി ജോലിചെയ്തു.

കേരളീയ കത്തോലിക്കാ കോൺഗ്രസ്സ് മേയ് ൧൪, ൧൫ തീയതികളിൽ ആലപ്പുഴവെച്ചു നടത്തുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. കോൺഗ്രസ്സു സമ്മേളനത്തോടനുബന്ധിച്ചുതന്നെ ക്രൈസ്തവ, ഈഴവ, മുസ്ലീം സംയുക്ത രാഷ്ട്രീയ സമ്മേളനവും ഡോക്ടർ ഡിസോസാ ഐ. സി. എസ്സിന്റെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തുന്നതിനും നിശ്ചയിച്ചിരിക്കുന്നതായിട്ടറിയുന്നു.

കോട്ടയത്തിനുസമീപം പെരൂരുള്ള ഒരു നായർ യുവതി ഒരു സഖിയൊന്നിച്ചു ഇക്കഴിഞ്ഞ ഏപ്രിൽ ൭-ാംനു- ആററിൽ കുളിച്ചുകൊണ്ടിരിക്കുമ്പോൾ ഇടിവെട്ടേററു മരിച്ചുപോയിരിക്കുന്നു. ഈ യുവതിയുടെ വിവാഹമുഹൂർത്തത്തിനു ഒന്നുരണ്ടു മണിക്കൂർ മുമ്പാണു ഈ അത്യാഹിതം നേരിട്ടത്.

ജപ്പാനിൽ ഉണ്ടാക്കപ്പെടുന്നവയും ൬൦ ശതമാനത്തിലധികം പരുത്തിനൂലുള്ളവയുമായ തുണിത്തരങ്ങൾ ഇന്ത്യയിൽ കടത്താൻപാടില്ലെന്നു ഇന്ത്യാഗവൺമെണ്ടു നിരോധിച്ചിരിക്കുന്നു.

കമ്പളംപള്ളി ഇടവക കല്ലറയ്ക്കൽ ജെ. ജോസഫ് അവർകളുടെ ഭാര്യ ശ്രീമതി ത്രേസ്യാക്കുട്ടി തന്റെ ൨൯-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ മാർച്ച് ൨൨-ാംനു- മരണം പ്രാപിച്ചിരിക്കുന്നു. പരേതയുടെ നിത്യശാന്തിക്കായി വായനക്കാർ പ്രാർത്ഥിപ്പാറാകണം.

R. I. P.

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

## യോഗേശ ചന്ദ്ര ഗോസ്, എം. എ., എഫ്. സി. എസ്സ്.

ആയുൎവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വൎണ്ണസിന്ദൂരം) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു് ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.
ഒരു ഭ്രപാത്രക്കത്തിന് ക. ൪.

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദൂഷ്യം ഇവക്കും വിശേഷപ്പെട്ടതു്.
ഒരു സേറിനു ക. ൧.

സുഖദ സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൩.

അബലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ഋതുത്വ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൩ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിന് ക. ൫.

കൂടുതൽ വിവരത്തിനു മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

# നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൧ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്വല്പംകൂടാതെ പറയാം.
ഒരു കുപ്പിക്കു വില ക. ൨-൩൨-൧.

## കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏതെങ്കിൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.
കുപ്പി ഒന്നിനു ക. ൪-൮-൦.

## പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.
ഒരു കുപ്പിക്കു വില ക. ൪-൩൨-൦.

വാതഹാരി എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പേശകകോമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്താപം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലമ്പനിയുടെ ബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിന' എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പററി വൈദ്യന്മാരുടെ അനവധി സൎട്ടിഫിക്കേററുകൾ കിട്ടീട്ടുണ്ടു.

**പെരേര ആൻഡ് കമ്പനി, കെമിസ്റ്റ്സ്,**

**നമ്പ്ര് ൩൩, കോഴിക്കോട്ട്, മലബാർ.**

# പ്രസിദ്ധ ഔഷധങ്ങൾ.




## **Malariana** മലേറിയാനാ.

ഈ കീൎത്തിപെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാററുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കികളെഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു് ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വപീഡകളെയും ശുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സൎസ്സ അമോഗ. വില 8 ഔൺസിനു 3 ക 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലംവരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർഓയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്ക, തലതിരിച്ചൽ, പിത്തം ഛൎദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗൃഹസ്ഥന്മാരുടെ പീഡകളല്ലയോ? എന്നാൽ ഈ സിരപ് കരള് ഗ്രന്ഥൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില 8 ഔൺസിനു 3ക. 8ണ. ചെറിയ കുപ്പി 1ക്കു 1ക. 14ണ.

**RINGWORM BALM.** ത്വക്ക്രോഗത്തിനു.

ശരീരത്തിൻെറ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 നു 5 ണ; 1 ഡജനു 3 ക.

<u>ചികിത്സസംബന്ധമായ പുസ്തകം</u> സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിനുപുറമെ ഹോമിയോപ്പതിയും ടിഷ്യുമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൦൯ മേടം. – ഇടവം. | | | | മെയ്. 1934. |
|---|---|---|---|---|
| ൧൯ | 1 | ചൊ. | | വി. ഫിലിപ്പ്. യാക്കോ ശ്ലീ. |
| ൨൦ | 2 | ബു. | | വി. അത്തനാസി. |
| ൨൧ | 3 | വ്യാ. | | വി. സ്ലീവാ കണ്ടെടുത്ത. |
| ൨൨ | 4 | വെ. | | വി. മോനിക്ക. |
| ൨൩ | 5 | ശ. | | വി. ആഞ്ചെല്ലൂസ്. |
| ൨൪ | 6 | ഞാ. | ✠ | വി. എവോദിയൂസ്. |
| ൨൫ | 7 | തി. | | വി. സ്താനിസ്ലാവോ. മേ.മ. |
| ൨൬ | 8 | ചൊ. | | വി. ദെനീസ് മെ. |
| ൨൭ | 9 | ബു. | | വി. ഗ്രി: ഗാ: നസ്യാൻ. |
| ൨൮ | 10 | വ്യാ. | ✠ | ന. ക. സ്വർഗ്ഗാരോഹണം. |
| ൨൯ | 11 | വെ. | | വി. മമെർത്തോസ് |
| ൩൦ | 12 | ശ. | | വി. നെറേസ്. |
| ൧ | 13 | ഞാ. | ✠ | വി. ലൂഷ്യാസ്. |
| ൨ | 14 | തി. | | വി. ബൊനിഫാസി. |
| ൩ | 15 | ചൊ. | | വി. ലെഓൻ. |
| ൪ | 16 | ബു. | | വി. ശെമഓൻസ്റ്റോക്ക്. |
| ൫ | 17 | വ്യാ. | | വി. പാസ്കൽ ബൈലോ. |
| ൬ | 18 | വെ. | | വി. അലെപ്രം. |
| ൭ | 19 | ശ. | | വി. പത്രോ. സെലസ്റ്റി. |
| ൮ | 20 | ഞാ. | ✠ | പന്തക്കുസ്ത. |
| ൯ | 21 | തി. | | വി. ഹൊറാസ്പീസിയൂ |
| ൧൦ | 22 | ചൊ. | | വി. ൪൦ വേദസാക്ഷികൾ. |
| ൧൧ | 23 | ബു. | | വി. ദെസിദേറായൂസ്. |
| ൧൨ | 24 | വ്യാ. | | വി. അംഹ്റം. |
| ൧൩ | 25 | വെ. | | വി. മരി മഗ. ദ് പാസി. |
| ൧൪ | 26 | ശ. | | വി. ഫിലിപ്പ് നേരി. |
| ൧൫ | 27 | ഞാ. | ✠ | പരി. ത്രിത്വം. |
| ൧൬ | 28 | തി. | | വി. അഗുസ്തീനോസ് മെ. |
| ൧൭ | 29 | ചൊ. | | വി. കോന്നോൻ |
| ൧൮ | 30 | ബു. | | വി. തെഓദോസ്യ. |
| ൧൯ | 31 | വ്യാ. | ✠ | വി. കുർബ്ബാന. |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.